KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 30 / Issue: 10 November 2019 ₹ :10/-



# 1 – ാം ചരമ വാർഷികം

18 – 11 – 2019



# സി. ജെ. പുന്നൂസ് (സണ്ണി)

കോട്ടയ്ക്കൽ, കാരാപ്പുഴ, കോട്ടയം

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

ക്നാനായ ദീപം
SINCE 1989
2019 നവംബർ പുസ്തകം 30 ലക്കം 11
മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**

**Visit www.knanayadeepam.com**

## ഉള്ളടക്കം

എഡിറ്റോറിയൽ 04
വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05
സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ
മലങ്കര സഭ 08
പ്രൊഫ. പി. കെ. സ്കറിയ
മല്പാനോടു ചോദിക്കാം 10
മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ
ആരെയും പിൻപോട്ടു തള്ളാതെ 18
ഡോ. സുനിൽ ഡി. കുരുവിള
പ്രസംഗദീപം 20
ഫാ. റോയി മാത്യൂസ് കോറെപ്പിസ്ക്കോപ്പ
ജീവിത നവീകരണം.... 22
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളി
ക്രൂശിലെ ഏഴു മൊഴികൾ 24
ജേക്കബ് ജോസ് മണിമലേത്ത്
മലർവാടിക്കൂട്ടം 26
കാൽപ്പാടുകൾ 39
എബി
രക്ഷിതാക്കളറിയാൻ 40
അഞ്ജു ലിജോ ഏലിയാസ്
അനശ്വരതയിലേയ്ക്ക് കണ്ണുകൾ ഉയർത്തുക 42
ഫാ. സിജിൽ ജോസ് വിലങ്ങൻപാറ
മാട്രിമോണിയൽ 43

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial



## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

നിരവധി മനുഷ്യ സമൂഹങ്ങളുടെ ആവിർഭാവത്തിനും വളർച്ചയ്ക്കും തകർച്ചയ്ക്കും നമ്മുടെ ഭൂമി സാക്ഷ്യം വഹിച്ചിട്ടുണ്ട്. എന്നാൽ ചരിത്രം എഴുതി തുടങ്ങുന്നതിനുമുമ്പ് ഉദയം ചെയ്ത ഒരു സമൂഹം ഈ ഭൂമിയിൽ ഇന്നും പരദേശ പ്രയാണം ചെയ്യുന്നുണ്ട്. ചരിത്രത്തിന്റെ യുഗാന്ത്യ സന്ധ്യയ്ക്കപ്പുറത്ത് അത് മിന്നിത്തിളങ്ങി നിലനില്ക്കുകയും ചെയ്യും. ചരിത്രാതീത കാലത്തിന്റെ കാലപ്പഴക്കമുള്ള ഒരു പ്രത്യേക സമൂഹം ദൈവത്തിന്റെ സഭയാണ്. കാലത്തിന്റെ ഘടികാരം ചലിച്ചു തുടങ്ങുന്നതിനു മുമ്പ് ദൈവത്തിന്റെ ഹൃദയത്തിൽ സഭ രൂപം കൊണ്ടു. ഇന്നും സഭയുടെ ചരിത്രം തുടരുന്നു. സഭ അതിന്റെ വിശുദ്ധിയിൽ നിലനിന്ന പ്രാരംഭ നൂറ്റാണ്ടുകളിൽ പാതാള ഗോപുരങ്ങൾക്കെതിരെ ഭൂമിയിൽ പണിയപ്പെട്ട സ്വർഗ്ഗീയ സൗധമായിരുന്നു (Ecclessia- called at assembly) വിളിച്ചു വേർതിരിക്കപ്പെട്ട സഭ എന്ന അർത്ഥപൂർണ്ണമായ നാമം അതിന്റെ എല്ലാ അർത്ഥത്തിലും കാണിച്ചുകൊടുത്തു സഭ. എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്ന സാക്ഷ്യം അവരുടെ വിജയത്തിന്റെ ഉള്ളുകളി വെളിപ്പെടുത്തുന്നു. ആ സഭയെ ലോകം പകച്ചു പീഡിപ്പിച്ചു. ആദിമ സഭ ആദ്യനൂറ്റാണ്ടുകളിൽ അനുഭവിച്ച പീഡനങ്ങൾ, രക്തസാക്ഷിമരണങ്ങൾ ഇവ വർണ്ണിക്കാൻ പ്രയാസമാണ്. പീഡയുടെ പ്രളയങ്ങൾക്ക് അതിനെ ഒഴുക്കിക്കളയുവാനോ പരിശോധനയുടെ തീച്ചൂളകൾക്ക് അതിനെ എരിച്ചുകളയുവാനോ കഴിയാത്തത് എന്തുകൊണ്ട്? ഭൂമിയുമായി സമ്പർക്കപ്പെടുന്നതെന്തും ദ്രവിച്ചുപോകുമ്പോൾ സഭയുടെ അദ്രവത്വത്തിന്റെ രഹസ്യം എന്ത്? അത് സഭയുടെ സ്വർഗീയ ഉല്പത്തിയാണ്. ദൈവീകബന്ധമാണ്. ദൈവത്തിൽ തുടങ്ങി ദൈവത്തിൽ തുടർന്നു ദൈവത്തിലേക്ക് അത് ത്വരിതഗമനം ചെയ്യുന്നു. ദൈവത്തിന്റെ തിരുഹൃദയത്തിൽ രൂപകല്പന ചെയ്യപ്പെട്ടതുപോലെ രൂപഘടന നൽകി കെട്ടുപണിചെയ്യപ്പെട്ടതുകൊണ്ടാണ് കാലത്തിന്റെ കീടങ്ങൾ അതിനെ കീഴടക്കാതിരുന്നത്. ആ സഭയുടെ മുന്നേറ്റത്തിന്റെ മുമ്പിൽ നരകവാതിലുകൾ ആടിയുലഞ്ഞു. അതിന്റെ അടിസ്ഥാനങ്ങൾക്കു ഇളക്കം തട്ടി. ക്രിസ്തുവിന്റെ ജയരഥത്തിൽ ജൈത്രയാത്ര നടത്തിയ സഭയുടെ വീരപരാക്രമങ്ങൾ സാത്താന്റെ ശക്തി ദുർഗ്ഗങ്ങളിൽ ക്രിസ്തുവിന്റെ സിംഹാസനം സ്ഥാപിക്കുന്നതിനു വഴി തുറന്നു. നരകവാതിലുകളെ ദഹിപ്പിച്ച പാപവിലങ്ങുകളെ ഭസ്മീകരിച്ച സ്വർഗ്ഗീയ അഗ്നിയുടെ ആളിക്കത്ത് കെടുത്തുവാൻ പീഡനങ്ങൾക്ക് കഴിഞ്ഞില്ല.

ഇവിടെ നാം ഒരു നിമിഷം നിന്ന് ആലോചിക്കേണ്ടത് ആവശ്യമായിരിക്കുന്നു. ദൈവത്തിന്റെ സഭ പിതാക്കന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ച സത്യവിശ്വാസം (Orthodox faith) എന്ന വിശിഷ്ടനാമത്തിന് അർഹമായിരിക്കുന്ന അഥവാ അർഹത അവകാശപ്പെടുന്ന സമൂഹം ദൈവഹൃദയത്തിൽ രൂപകല്പന ചെയ്യപ്പെട്ടതുപോലെ തന്നെയാണോ പണിയപ്പെടുന്നത്. ദൈവത്തിന്റെ കല്പനകളേയും പ്രമാണങ്ങളേയും മാറ്റിനിർത്തിയിട്ട്. അക്രൈസ്തവരായ നിയമജ്ഞന്മാരുടെ ആജ്ഞാനുവർത്തികളായി പ്രവർത്തിക്കുന്നവർ. വേദപുസ്തകത്തേക്കാൾ ഭരണഘടനയ്ക്കും കോടതിവിധികൾക്കും മുൻതൂക്കം നൽകുന്നവർ. നിന്റെ സഹോദരനോട് നിരപ്പായതിനുശേഷം ബലി അർപ്പിക്കുവാൻ നിയമിക്കപ്പെട്ട ആലയങ്ങളിൽ നിന്നും പതിനായിരക്കണക്കിന് ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ പുറത്താക്കിയിട്ട് 20–50–100 പേരെ വച്ചുകൊണ്ട് ജീവന്റെ ബലി എന്ന പേരിൽ നടത്തുന്നത് ആരെ പ്രസാദിപ്പിക്കാനാണ്. ഇതിൽ ദൈവം പ്രസാദിക്കില്ല മറിച്ച് സാത്താന്യ ആരാധനയായി പരിണമിക്കുന്നു.സാത്താൻ വിജയിക്കുന്നു. ദൈവത്തിന്റെ നാമം അഭിമാനിതമാകുന്നു. ക്രൈസ്തവസാക്ഷ്യം നഷ്ടപ്പെടുന്നു. ക്രിസ്ത്യാനികൾക്ക് ലോകത്തിന്റെ മുൻപിൻ തലകുനിക്കേണ്ട അവസ്ഥ ഉണ്ടാകുന്നു. ന്യായവിധി ക്ഷണിച്ചുവരുത്തുന്നു. ഇത് നാം വായിച്ചുവിട്ടാൽപോരാ. ഉദരത്തിന്റെ അറകളെ അവ ശോധന ചെയ്യണം. സഭ വിശുദ്ധവംശം ആകയാൽ സഭയെപ്പറ്റി പുനരാലോചിക്കുമ്പോൾ നാം ചെരുപ്പുനീക്കി വിശുദ്ധസ്ഥലത്തു നില്ക്കണം. ദൈവത്തിന്റെ സഭയായി ഉയരുവാൻ നിലം വരെ നമ്മുടെ ഹൃദയം കുനിയണം. ഇന്ന് കേരളത്തിൽ നടക്കുന്ന ഹീനമായ പ്രവർത്തികൾ കണ്ട് ജനം മടുത്തിരിക്കുയാണ്. സഹോദരന്റെ മാംസം കടിച്ചുകീറുക. പോലീസിന്റെ സഹായത്തോടെ ആരാധന അവസാനിപ്പിക്കുക. പരിശുദ്ധാത്മാവിൽ സമാധാനം കൊടുക്കേണ്ട ആരാധന പോലീസിന്റെ സാന്നിദ്ധ്യത്തിൽ മാത്രം നടത്താവുന്ന സ്ഥിതി എന്നു വേണ്ട പിശാചുക്കൾപോലും ലജ്ജിക്കുന്ന അറപ്പും വെറുപ്പുമായ അവസ്ഥകൾ നടത്തിയിട്ട് മാധ്യമങ്ങളുടെ മുൻപിൽ നിന്നുകൊണ്ട് ന്യായം പറയുന്ന സഭാനേതാക്കന്മാരേ, വൈദീകരേ, മെത്രാച്ചന്മാരേ, വിശ്വാസികളെ കാലം എരിഞ്ഞുതീരാറായി നിത്യത വന്നു മുട്ടിവിളിക്കുന്നു. നിങ്ങൾ മാനസാന്തരപ്പെടുമോ. ദൈവത്തിന്റെ അന്തിമ ശബ്ദം കേട്ടു ക്രമപ്പെടുമോ? എങ്കിൽ അതിനുള്ള നിമിഷങ്ങളാണ് മുമ്പിലുള്ളത്. കാതോലികവും അപ്പോസ്തോലികവുമായ സഭയേ നിന്റെ അഭിമുഖരൂപം വേഗം വീണ്ടെടുക്കുക. രാജാവ് നിന്റെ സൗന്ദര്യം ദർശിക്കട്ടെ. അല്ലെങ്കിൽ പ്രിയരെ, ഇതു തകർച്ചയാണ്. ഭീകരമായ തകർച്ചയാണ്. മനുഷ്യർക്ക് കൂത്തുകാഴ്ചയായി, ലോകത്തിന്റെ ചപ്പുചവറുമായി സകലത്തിന്റെയും അഴുക്കായി നശിച്ചുപോകാതെ അപ്പോസ്തോല പിതാക്കന്മാരുടെ യഥാർത്ഥ പിൻതുടർച്ചക്കാരാണ് നാം എന്നു പറയുമ്പോൾ അവർ മുഖം പൊത്തും. നമുക്കും മുഖം പൊത്തി ഈ സഭയ്ക്കുവേണ്ടി കരയാം. ഒരു മടങ്ങിവരവിനുള്ള കാലം ആസന്നമായിരിക്കുന്നു. എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടും കൂടെ എങ്കലേക്കു തിരിവീൻ എന്ന് യഹോവയുടെ അരുളപ്പാട് (യോവേൽ 2:12). സഭയെ ഉണരുക ഉണരുക നിന്റെ ബലം ധരിച്ചു കൊൾക. ഇടിഞ്ഞുപോയ മതിലുകൾ കെട്ടിയുയർത്തി യാഗപീഠത്തിന്റെ കേടു പരിഹരിച്ച് സമർപ്പണത്തിന്റെ വിറകടുക്കി ജീവിതത്തെ പൂർണ്ണയാഗമാക്കുവാൻ സന്നദ്ധരായവരുടെ മേൽ വീണ്ടും സ്വർഗ്ഗീയാഗ്നി പകരപ്പെടും. ആർ അതിന് തയ്യാറാകും. ലോകത്തെ പുറത്തുനിർത്തുവാൻ ക്രൂശിന്റെ പാതയിൽ സ്ഥിരയാത്രതുടരുവാൻ ആർ തയ്യാറാകും. സഭയുടെ ഭാവി അവരെ ആശ്രയിച്ചിരിക്കും. അതിന് ദീപം വായനക്കാരെ ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

**എന്ന് നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



സുറിയാനി സഭയിൽ ആരാധനാവർഷം ആരംഭിക്കുന്നത് നവംബർ മാസത്തിലെ ആദ്യ ഞായറാഴ്ചയാണ്. "കൂദേശ് ഈത്തോ" എന്നാണ് ആ ദിവസം അറിയപ്പെടുന്നത്. അതായത് സഭയുടെ ശുദ്ധീകരണദിവസം.

വ്യക്തികൾ ചേർന്നു കുടുംബവും, കുടുംബങ്ങൾ ചേർന്നു ഇടവകയും, ഇടവകകൾ ഭദ്രാസനങ്ങളായും വളർന്നു പരിശുദ്ധസഭ രൂപം കൊള്ളുന്നു. സഭ ശുദ്ധീകരിക്കപ്പെടണമെങ്കിൽ ഓരോ വ്യക്തിയും ശുദ്ധീകരിക്കപ്പെടണം. ഈ ലക്ഷ്യത്തോടുകൂടിയാണ് കൂദേശ് ഈത്തോ ഞായറാഴ്ചദിവസം ആബാലവൃദ്ധം ജനങ്ങളും പ്രത്യേകിച്ച് സൺഡേസ്കൂൾ കുട്ടികളും അദ്ധ്യാപകരും നിശ്ചയമായും വി. കുമ്പസാരം നടത്തി വി.കുർബ്ബാന അനുഭവിക്കണമെന്നു സഭ നിഷ്കർഷിക്കുന്നത്.

"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹാ" എന്ന് നമ്മുടെ കർത്താവിനെ ഏറ്റുപറഞ്ഞ ശ്ലീഹ പ്രമുഖനായ പത്രോസ് (മത്താ.16:16) നമ്മോടു പറയുന്നു നാമും വിശുദ്ധരായിരിക്കണം (1 പത്രോ.2:1-2) പഴയനിയമസഭയുടെ നെടുനായകനും യഹോവയായ ദൈവത്തിൽ നിന്നു നേരിട്ടു പ്രധാനാചാര്യത്വം പ്രാപിച്ചവനുമായ മോശ ദീർഘദർശിയുടെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ടാണ് പത്രോസ് ശ്ലീഹാ ഈ ഉപദേശം നമുക്കു നല്കുന്നത് (ലേവ്യ 11:44-45, 19:2,20:7).

തന്റെ കൈപ്പണിയായ മനുഷ്യൻ നശിച്ചുപോകുന്നത് സഹിപ്പാൻ തനിക്കു മനസ്സുണ്ടായില്ല. എതിരാളിയുടെ കൈയ്യിൽ നിന്നു രക്ഷിച്ചു സ്വതന്ത്രനാക്കുവാൻ സൃഷ്ടിതാവായ ദൈവം ആദിയിൽ തന്നെ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ആ പദ്ധതിയിൻപ്രകാരം വിശ്വാസികളുടെ പിതാവായ അബ്രഹാമിലൂടെ ഒരു ജനതയെ വളർത്തിയെടുത്തു. ആ സമൂഹമാണ് തന്റെ സ്വന്തജനമായ യഹൂദർ. ഈ ജനം (ഉല്പ.15: 10-14) 400 സംവത്സരം ഫറവോന്റെ അടിമകളായി മിസ്രയീമിൽ ജീവിച്ചു. കാലസമ്പൂർണ്ണതയിൽ മോശ എന്ന നേതാവിനെ ദൈവം എഴുന്നേല്പിച്ചു. ദൈവം തന്റെ ബലമേറിയഭുജം കൊണ്ടും നീട്ടിയ കൈകൾ കൊണ്ടും ഫറവോനിൽ നിന്നും അവരെ രക്ഷിച്ചു. സമുദ്രത്തിലും മേഘത്തിലും സ്നാനം നല്കി (1 കൊരി 10:2) മരുഭൂമിയിൽ കൂടി കനാൻദേശത്തേക്കു നടത്തി. 40 വർഷം നീണ്ടുനിന്ന ആ യാത്രയിൽ പത്തുകല്പനകളും, സാമൂഹിക നിയമങ്ങളും, ആരാധനയുടെ നിയമങ്ങളും ബലിയർപ്പണവും അവരെ പഠിപ്പിച്ചു. സമാഗമനകൂടാരവും അതിൽ ശുശ്രൂഷ ചെയ്യേണ്ട പുരോഹിതന്മാരെയും മോശയിലൂടെ ദൈവം നിയമിച്ചു. മോശയുടെ നേതൃത്വത്തിൽ പഴയനിയമ സഭ കാനാനിലേക്കു നടത്തിയ യാത്രയാണ് പുതിയനിയമ സഭ യേശുക്രിസ്തുവിന്റെ നേതൃത്വത്തിൽ സ്വർഗ്ഗസീയോനിലേക്കു ഇന്നു നടത്തിക്കൊണ്ടിരിക്കുന്നത്. പഴയനിയമസഭയിൽ കോലാട്ടുകൊറ്റന്മാരെ ജനത്തിന്റെ പാപത്തിനുവേണ്ടി ബലിയർപ്പിച്ചു. പുതിയ നിയമസഭയിൽ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവകുഞ്ഞാടായ മശിഹാ തമ്പുരാൻ സ്വയം ബലിയായിത്തീർന്നു; ലോകത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിച്ചു. പഴയനിയമസഭ നിഴൽ, പുതിയനിയമസഭ പൊരുൾ (എബ്രാ.10:1). കർത്താവിന്റെ രണ്ടാമത്തെ വരവു വരെ കടങ്ങളുടെ മോചനത്തിനും പാപങ്ങളുടെ പരിഹാരത്തിനും നിത്യജീവനുമായി വി.കുർബ്ബാന അനുഷ്ഠിച്ചും അനുഭവിച്ചും ശുദ്ധീകരണം പ്രാപിപ്പാൻ നമ്മുടെ കർത്താവ് ശ്ലീഹന്മാരെ ഭരമേല്പിച്ചു. ഈ യാഥാർത്ഥ്യമാണ് എബ്രായ ലേഖനം 9-ാം അദ്ധ്യായത്തിലൂടെ ലേഖന കർത്താവ് നമ്മെ പഠിപ്പിക്കുന്നത്.

ജീവിച്ചിരിക്കുമ്പോഴാണ് നാം വിശുദ്ധരാകേണ്ടത്. മരണശേഷം ആരും വിശുദ്ധരാകുന്നില്ല എന്നു മദർ തെരേസാ പറഞ്ഞിരിക്കുന്നു. ക്നാനായ സമുദായം വിശുദ്ധസമൂഹമായിത്തീരണം എന്നതായിരുന്നു 52 വർഷക്കാലം ഈ സമുദായത്തെ നയിച്ച ക്ലീമ്മീസ് തിരുമേനിയുടെ അവസാന നാളുകളിലെ ആഗ്രഹം. നമ്മുടെയും ആഗ്രഹം അതുതന്നെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ്പ് സേവേറിയോസ്**
**കുറിയാക്കോസ് വലിയമെത്രാപ്പോലീത്താ**



# സമുദായ വാർത്തകൾ

റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

പ്രിയ ക്നാനായ സമുദായ അംഗങ്ങളെ,

അസമാധാനത്തിന്റെ കാലഘട്ടത്തിൽകൂടെ കടന്നുപോകുന്ന ഈ സമയത്ത് ലോകം മുഴുവനുള്ള സഭകളിലും, ഇന്ത്യയിലും അതിന്റെ പ്രതിഫലനം പ്രകടമാണ്. നമ്മുടെ ഈ കൊച്ചു സമുദായത്തിലും ചില അപശബ്ദങ്ങളും പരാതികളും പിണക്കങ്ങളും ഉണ്ടെങ്കിലും യേശു ക്രിസ്തുവിൽ വിശ്വസിച്ച സ്വന്തജനമായ യഹൂദാ ക്രിസ്ത്യാനികളുടെ പിന്തുടർച്ചക്കാരായ നമ്മൾ ഒരിക്കലും നശിച്ചു പോകുവാൻ ദൈവം അനുവദിക്കുകയില്ല. നമ്മൾ ക്നാനായ സമൂഹം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട സ്വന്തം ജനമാണ്.

ഇസ്രായേൽ രാജ്യം ഇന്ന് ലോകത്ത് അത്ഭുതമായി നിലനിൽക്കുന്നു. വിലാപമതിലിൽ വന്നു തലയിടിച്ചു പ്രാർത്ഥിക്കുന്ന തന്റെ സ്വന്തം യഹൂദ ജനത്തിനെ കൈവിടാതെ എല്ലാ പ്രതികൂലങ്ങൾക്കും മദ്ധ്യേ ദൈവം നിലനിർത്തുന്നത് അവിടെ പോയിട്ടുള്ളവർ കണ്ട് സാക്ഷ്യപ്പെടുത്തുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സഭയിലുണ്ടായാൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകും.

കഴിഞ്ഞ 26-09-2019 തീയതി വെച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ ഒരു കല്പന സമുദായ മെത്രാപ്പോലീത്തായ്ക്ക് ലഭിക്കുകയുണ്ടായി. ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലുമായി ബന്ധപ്പെട്ട വിഷയം ആയതിനാൽ ആ കല്പനയുടെ കോപ്പി ക്നാനായ കമ്മിറ്റിക്കും വൈദിക കൗൺസിലിനും സമുദായ മെത്രാപ്പോലീത്ത തരുകയുണ്ടായി. ആ കല്പനയിൽ പ്രധാനമായി പറഞ്ഞിരിക്കുന്നത് 2019 മാർച്ച് 28, 29 തീയതികളിൽ ലെബനോനിൽ പരി. പാത്രിയർക്കീസ് ബാവായുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ നമ്മുടെ സമുദായത്തിലെ അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കുന്നതിനും സമാധാനം ഉണ്ടാക്കുന്നതിനും പരിശുദ്ധ പാത്രിയർക്കീസ് ബാവാ ചില നിർദ്ദേശങ്ങൾ തരുകയും അതനുസരിച്ച് അമേരിക്കയിലേക്ക് ഒരു കമ്മീഷനെ നിയമിക്കുകയും മലങ്കരയിലേക്ക് മറ്റൊരു കമ്മീഷനെ അയയ്ക്കുകയും ചെയ്യുമെന്ന് കൽപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതു വരെ ഇവിടുത്തെ വൈദികരുടെ പൊതുസ്ഥലംമാറ്റം നീട്ടിവെക്കണമെന്നും മറ്റുമാണ് കല്പനയുടെ ഉള്ളടക്കം.

സമുദായത്തിന്റെ ശാശ്വത സമാധാനത്തിനും പരിശുദ്ധ ബാവായുടെ കല്പനയുടെ അടിസ്ഥാനത്തിലും ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലും പ്രത്യേകം പ്രത്യേകം യോഗങ്ങൾ കൂടി സമാധാന ശ്രമങ്ങൾ ആരംഭിച്ചു.

5-10-2019 ൽ ക്നാനായ കമ്മിറ്റി കൂടി ഈ കാര്യങ്ങൾ ചർച്ച ചെയ്യുകയും അഭി. തിരുമേനിമാരേ കൂടി കമ്മിറ്റിയിലേക്ക് ക്ഷണിച്ചു വരുത്തുന്നതിനും തിരുമേനിമാരുടെ സൗകര്യം കൂടി പരിഗണിച്ച് 15-10-2019 ൽ ഒരു സ്പെഷ്യൽ കമ്മിറ്റി കൂടുന്നതിന് തീരുമാനിക്കുകയും 15-10-2019 ൽ കൂടിയ കമ്മിറ്റിയിൽ സമുദായത്തിലെ ശാശ്വത സമാധാനത്തിനും പരിശുദ്ധാത്മ നിറവിനും വേണ്ടി ഒരു ദിവസത്തെ മുഴുവൻ സമയ അഖണ്ഡ പ്രാർത്ഥന നമ്മുടെ സുഖാർ ധ്യാന കേന്ദ്രത്തിൽ വച്ചു സമുദായ അടിസ്ഥാനത്തിൽ 29-10-2019 ചൊവ്വാഴ്ച നടത്തുന്നതിന് തീരുമാനിക്കുകയും ആയത് കല്പന മൂലം എല്ലാ ദേവാലയങ്ങളിലും സമുദായ മെത്രാപ്പോലീത്ത അറിയിക്കുകയും ചെയ്തു. പ്രവൃത്തി ദിവസം ആയിരുന്നിട്ടുപോലും സമുദായ ജനത്തിന്റെ വലിയ സാന്നിദ്ധ്യമാണ് സുഖാറിലെ അഖണ്ഡ പ്രാർത്ഥനയിൽ ഉണ്ടായത്. പള്ളി നിറഞ്ഞുകവിഞ്ഞ് രണ്ട് വശത്തുമുള്ള അനക്സും നിറഞ്ഞ് ഇരിപ്പിടം ഇല്ലാതെ ജനം മരച്ചുവട്ടിൽ വരെ നിന്നാണ് പ്രാർത്ഥനാ യജ്ഞത്തിൽ സഹകരിച്ചത്.

സമാധാനത്തിനുവേണ്ടി സമുദായ അംഗങ്ങളുടെ അഭിവാഞ്ഛയാണ് ഇത് പ്രകടമാക്കുന്നത്. അഭിവന്ദ്യ സമുദായ മെത്രാപ്പോലീത്ത ആർച്ചു ബിഷപ്പ് കുര്യാക്കോസ് മോർ സേവേറിയോസ് വലിയ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച അഖണ്ഡ പ്രാർത്ഥനയിൽ അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് തിരുമേനി, അഭിവന്ദ്യ കുര്യാക്കോസ് മോർ ഈവാനിയോസ് തിരുമേനിയും ഉൾപ്പെടെ മൂന്നു തിരുമേനിമാരും മുഴുവൻ സമയവും പ്രാർത്ഥനയിൽ പങ്കെടുത്തു എന്നത് വളരെ അനുഗ്രഹമായി. വിശുദ്ധ കുർബാനയ്ക്കു ശേഷം കോതമംഗലം സെന്റ് ജോൺസ് ധ്യാനകേന്ദ്രം ഡയറക്ടർ എൽദോ പാലക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന അഖണ്ഡ പ്രാർത്ഥനാ യജ്ഞത്തിൽ പരിശുദ്ധാത്മാവ് നിറവ് ഉണ്ടായി എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഉച്ച നമസ്കാരത്തിനും ഭക്ഷ

ണത്തിനും ശേഷം നടന്ന ഗാനശുശ്രൂഷയിലും ധ്യാനത്തിലും എല്ലാ സഭകളിലും സമാധാനം ഉണ്ടാകുന്നതിനും പ്രത്യേകിച്ച് നമ്മുടെ സമുദായത്തിൽ സമാധാനവും പരിശുദ്ധാത്മ നിറവും ഉണ്ടാകുവാനും പ്രത്യേക പ്രാർത്ഥനകളും ധ്യാനങ്ങളും നടത്തി അഞ്ചുമണിയോടുകൂടി സമുദായ മെത്രാപ്പോലീത്തായുടെ ആശീർവാദത്തോടെ പ്രാർത്ഥനാ യജ്ഞം അവസാനിച്ചു. ഈ അഖണ്ഡ പ്രാർത്ഥനയിൽ സമുദായത്തെ സ്നേഹിക്കുകയും സമാധാനം ആഗ്രഹിക്കുകയും ചെയ്യുന്ന എല്ലാവരുടെയും സാന്നിദ്ധ്യം ഉണ്ടായിരുന്നതിനാൽ ഇതൊരു വലിയ വിജയമായിരുന്നു. ഇതിൽ പങ്കെടുത്ത എല്ലാ തിരുമേനിമാരോടും വൈദികരോടും അസോസിയേഷൻ അംഗങ്ങളോടും കന്യാസ്ത്രീകളോടും സുവിശേഷകരോടും സമുദായ ജനങ്ങളോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു. നമ്മുടെ സമുദായത്തിലെ വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ നിൽക്കുന്ന മിടുക്കന്മാരും മിടുക്കികളുമായ കുട്ടികളെ ആദരിക്കുന്നതിനുവേണ്ടി ഈ വർഷവും മെറിറ്റ് അവാർഡ് 2019 കൊടുക്കുന്നതിനുവേണ്ടി കമ്മിറ്റിയുടെ മുൻ തീരുമാനപ്രകാരം 15-10-2019 ൽ കൂടിയ കമ്മിറ്റിയിൽ പ്രോഗ്രാം നിശ്ചയിക്കുകയും ഈ വർഷത്തെ മെറിറ്റ് അവാർഡ് 10-11-2019 ൽ സെന്റ് ജോൺസ് പുത്തൻപള്ളിയുടെ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം വിശിഷ്ട അതിഥികളായി ബഹുമാനപ്പെട്ട വനംവകുപ്പ് മന്ത്രി ശ്രീ. കെ. രാജു ഉദ്ഘാടനം ചെയ്യാമെന്ന് സമ്മതിക്കുകയും നമ്മുടെ സമുദായ അംഗമായ വിദേശകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. എൽദോസ് പുന്നൂസ് ഐ.എഫ്. എസ് മുഖ്യപ്രഭാഷണം നടത്താമെന്ന് സമ്മതിക്കുകയും ആശംസാ പ്രസംഗത്തിനായി കോട്ടയം എം. പി. ശ്രീ. തോമസ് ചാഴിക്കാടൻ, എം.എൽ.എ മാരായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. രാജു ഏബ്രഹാം, ശ്രീ. മാണി സി. കാപ്പൻ തുടങ്ങിയവർ പങ്കെടുക്കാമെന്ന് സമ്മതിച്ചു. കമ്മിറ്റി മെറിറ്റ് അവാർഡ് ക്ഷണക്കത്ത് എല്ലാ കുട്ടികൾക്കും നേരത്തെ തന്നെ അയച്ചു കൊടുത്തിട്ടുണ്ട്. നമ്മുടെ കുട്ടികളെ അനുമോദിച്ച് അവർക്ക് അവാർഡുകൾ കൊടുക്കുന്ന ഈ പരിപാടിയുടെ വിജയത്തിനുവേണ്ടി എല്ലാ സമുദായ അംഗങ്ങളും സഹകരിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

നമ്മുടെ ഓതറ നസ്രത്ത് ഫാർമസി കോളേജിന്റെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുന്നതിനുവേണ്ടി വികാരി ജനറാൾ റവ. ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരി കൺവീനറായും റവ. ഫാ. പി. റ്റി. മാത്യു പയ്യനാട്ട്, അഡ്വ. സന്ദീപ് ഏബ്രഹാം താമരപ്പള്ളി എന്നിവരുൾപ്പെട്ട ഒരു കമ്മീഷനെ ക്നാനായ കമ്മിറ്റിയുടെ ശുപാർശ പ്രകാരം സമുദായ മെത്രാപ്പോലീത്ത നിയമിച്ചിട്ടുണ്ട്.

കൂടാതെ യാക്കോബായ സഭയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധിക്ക് ഒരു പരിഹാരം കാണുന്നതിന് വേണ്ടിയും അന്ത്യോഖ്യ മലങ്കര ബന്ധം ഉറപ്പിക്കുന്നതിനും യാക്കോബായ സഭയിലെ ദേവാലയങ്ങൾ സത്യത്തിനും നീതിക്കും എതിരേ പിടിച്ചെടുത്ത് ഭൂരിപക്ഷം വരുന്ന വിശ്വാസികളെ തെരുവിലിറക്കി വിടുകയും മാതാപിതാക്കളുടെ മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനുള്ള അവസരം കൊടുക്കാതെ നീതി നിഷേധിക്കുന്നതിനെതിരെ നവംബർ 3-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് മൂന്ന് മണിക്ക് മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രൽ പള്ളിയുടെ വിശുദ്ധ മദ്ബഹായിൽ നിന്നും അഭി. പിതാക്കന്മാരുടെ നേതൃത്വത്തിൽ ആരംഭിച്ച് കോട്ടയം ഗാന്ധി സ്ക്വയർ വരെയുള്ള മനുഷ്യ ചങ്ങലയിൽ ക്നാനായ സമുദായവും പങ്കുചേർന്നു. ക്നാനായ സമുദായത്തിലെ എല്ലാ ദേവാലയങ്ങളിൽ നിന്നും വാഹനങ്ങൾ ക്രമീകരിച്ചു വന്ന ബഹു. വൈദികർ, അസോസിയേഷൻ അംഗങ്ങൾ, പള്ളി ഭാരവാഹികൾ, ക്നാനായ കോൺഗ്രസ് അംഗങ്ങൾ, സമുദായ നേതൃത്വം, ക്നാനായ കമ്മിറ്റിയംഗങ്ങൾ തുടങ്ങിയവർ യാക്കോബായ സഭയുടെ ഈ സഹന സമരത്തിൽ ഐക്യദാർഢ്യം പ്രകടിപ്പിച്ചു പങ്കാളികളായി.

നമ്മുടെ ഈ കൊച്ചു സമുദായത്തിന്റെ അഖണ്ഡതയ്ക്കും അഭിവൃദ്ധിക്കും ഒരുമിച്ച് നിന്ന് നമുക്ക് കൈകോർക്കാം. സഹകരിച്ച് ഒരുമിച്ച് പോയാൽ വലിയ വിജയങ്ങൾ കൈവരിക്കുവാൻ നമുക്ക് സാധിക്കും. എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് നിർത്തുന്നു.


## വീട് വില്പനയ്ക്ക്

**കുറിച്ചി മന്ദിരം കവലയ്ക്ക് സമീപം 15 സെന്റ് സ്ഥലവും 1700 sq.feet വിസ്തൃതിയുള്ള വീടും വില്പനയ്ക്ക്**

**Contact. 8281478223**


# പാട്ട്

**സാലി ജയിംസ്, ചേലാറ മങ്ങാട്ട്, കുറിച്ചി**

എല്ലാം അറിയുന്ന ദൈവം
എല്ലാം കാണുന്ന ദൈവം
എല്ലാം കേൾക്കുന്ന ദൈവം
എല്ലാം അരുളുന്ന ദൈവം (2)

കാരുണ്യവാനായ കർത്താവേ....
അനുഗ്രഹം ചൊരിയേണമേ....
പാപികളായ ഞങ്ങളുടെ
പാപങ്ങൾ പൊറുക്കണെ കർത്താവേ... (2) (എല്ലാം..)

നിന്നോടു യാചിക്കുന്നവരേ...
മാർവ്വോടു ചേർക്കണെ കർത്താവേ...
കഷ്ടങ്ങൾ നഷ്ടങ്ങൾ ഏറിയാലും
താങ്ങായി നിൽക്കണെ കർത്താവേ. (2) (എല്ലാം..)

കർത്താവു തന്ന നന്മകൾക്കായ്
ഹല്ലേലുയ്യ സ്തുതി പാടീടുന്നു (2)
ഹല്ലേലുയ്യ ഹല്ലേലുയ്യ ഹല്ലേലുയ്യ.
എന്നും പാടി സ്തുതിക്കുന്നു. (2) (എല്ലാം..)

# മലങ്കര സഭ

പ്രൊഫ. പി.കെ. സ്കറിയ, കുന്നത്തിൽ

(കഴിഞ്ഞ ലക്കത്തിൽനിന്ന് തുടർച്ച)

## 11 മുതൽ 15 വരെ നൂറ്റാണ്ടുകൾ

11-ാം നൂറ്റാണ്ടിലെ മലങ്കര സഭയുടെ അവസ്ഥയെ സംബന്ധിച്ച് തെളിവുകളും ചരിത്രരേഖകളും വളരെ വിരളമാണ്. എന്നാൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേലധികാരം ഏഷ്യയിലും കിഴക്കൻ മേഖലകളിലും ഇൻഡ്യൻ മഹാസമുദ്ര ദ്വീപുകളിലും വ്യാപിച്ചിരുന്നതായി 1043 ൽ നിലാസ് ഡോക്സോ പേട്രിയസ് എന്ന സഞ്ചാരി ഉറപ്പു പറഞ്ഞതായി പഓലി (Paoli) എന്ന റോമൻ കത്തോലിക്കാ ഗ്രന്ഥകാരൻ തന്റെ ഒരു പുസ്തകത്തിൽ രേഖപ്പെടുത്തിയതായി കാണുന്നു.

12 മുതലുള്ള നൂറ്റാണ്ടുകളിലെ മലങ്കരയിലെ സ്ഥിതി അറിയുന്നതിനുവേണ്ടി കേംബ്രിഡ്ജ് (Cambridge) സർവ്വകലാശാല ലൈബ്രറിയിൽ ഇപ്പോഴും സൂക്ഷിക്കപ്പെട്ടിട്ടുള്ള ഒരു പഴയ സുറിയാനി കൈയെഴുത്ത് വേദപുസ്തകം വളരെ ശക്തമായ തെളിവാണ്. ഈ വേദപുസ്തകം എസ്ത്രങ്ങേലി സുറിയാനി ഭാഷയിൽ തുകലിൽ എഴുതപ്പെട്ടിട്ടുള്ളതും മലങ്കരയുടെ ഒരു അമൂല്യസ്വത്തായി തിരുവിതാംകൂറിലെ ഒരു മലയോരപള്ളിയിൽ (റാന്നി വലിയപള്ളിയിൽ എന്നു വിശ്വസിക്കപ്പെടുന്നു) സൂക്ഷിക്കപ്പെട്ടിരുന്നതുമാണ്. ഇത് A. D 1807 ൽ അന്നത്തെ മെത്രാപ്പോലീത്താ വലിയ മാർ ദീവന്നാസ്യസ് ഡോ. ക്ലോഡിയസ് ബുക്കാനന് സമ്മാനിച്ച അവസരത്തിൽ മെത്രാപ്പോലീത്താ ഇപ്രകാരം പറഞ്ഞതായി പറയപ്പെടുന്നു.

"ഇതു ഞങ്ങളുടെ കൈവശം ഇരിക്കുന്നതിനെക്കാൾ നിങ്ങളുടെ കൈവശം ഇരിക്കുന്നതായിരിക്കും കൂടുതൽ നല്ലത്. ഒരായിരം സംവത്സരങ്ങളായി ഇതു ഞങ്ങളുടെ കൈവശം ഇരിക്കുന്നതായിട്ടാണ് ചിലർ വിചാരിക്കുന്നത്".

ഒരു പക്ഷെ റോമൻ ആർച്ച്ബിഷപ്പ് മെനസിസിനാൽ ദഹിപ്പിക്കപ്പെടാതെ ഈ പുസ്തകം സൂക്ഷിക്കുന്നതിനുണ്ടായ പ്രയാസങ്ങൾ ആയിരിക്കണം മെത്രാപ്പോലീത്താ സൂചിപ്പിച്ചത്. ഈ കൈയെഴുത്ത് വേദപുസ്തകത്തിന്റെ ഉത്ഭവകാലത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങൾ ഉണ്ടെങ്കിലും A.D.1199 ൽ കാലം ചെയ്ത മാർ മീഖായേൽ റാബോ ബാവായുടെ കാലത്ത് എഴുതപ്പെട്ടു എന്ന് അതിൽ കാണുന്നതിനാൽ 12-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ടതാണ് എന്ന് നിശ്ചയിക്കാം. പുരാതന ഗ്രന്ഥശാസ്ത്രപ്രകാരവും അതേ കാലമാണ് അതിന് നിശ്ചയിച്ചിട്ടുള്ളത്.

അടുത്തവിഷയം ഈ കൈയെഴുത്ത് വേദപുസ്തകം ഏതുകാലയളവിലാണ് മലങ്കരയിൽ എത്തിയത് എന്നുള്ളതാണ്. 1490 ന് വളരെ മുൻപുതന്നെ ഇവിടെ എത്തിയതായിരിക്കണം. 1490 നും 1665 നും ഇടയ്ക്ക് ഏതെങ്കിലും യാക്കോബായ മെത്രാനോ പ്രതിനിധിയോ മലങ്കരയിൽ എത്തിയിട്ടില്ല. കാരണം

(1) 1490 ൽ മലങ്കരയിൽ നെസ്തോറിയ ഭരണം കടന്നുകയറി. അന്നുമുതൽ നെസ്തോറിയ മെത്രാന്മാരല്ലാതെ യാക്കോബായ മെത്രാന്മാർ ഇവിടെ വന്നതായി തെളിവുകൾ ഇല്ല.

(2) 1599 മുതൽ 1653 വരെ പോർട്ടുഗീസ് ഭരണമായിരുന്നു. അക്കാലത്തു സുറിയാനി മെത്രാന്മാർ ഇവിടെ എത്തിയിട്ടില്ല.

(3) 1665 നു ശേഷമാണ് ഈ വേദപുസ്തകം ഇവിടെ കൊണ്ടുവന്നതെങ്കിൽ അതൊരിക്കലും രഹസ്യമായിരിക്കാൻ സാധ്യതയില്ല.

മറ്റൊരുവിഷയം ഈ പുസ്തകം യാക്കോബായ വിശ്വാസം അനുസരിച്ചുള്ളതാണോ അതോ നെസ്തോറിയം ആയിരുന്നോ എന്നുള്ളതാണ്. ഇത് യാക്കോബ്യം ആയിരുന്നു എന്നതിന് ശക്തമായ തെളിവുകൾ പുസ്തകത്തിൽ തന്നെയുണ്ട്.

(1) ഇതിലെ പുതിയ നിയമഭാഗം പല ഡിവിഷനുകളായി തിരിച്ച് ഓരോ ഡിവിഷനും വായിക്കേണ്ട അവസരം സൂചിപ്പിക്കുന്ന കുറിപ്പുകൾ കൊടുത്തിരിക്കുന്നു. ഉദാഹരണത്തിന് പരി. ദൈവമാതാവിന്റെ പെരുന്നാളിനോടനുബന്ധിച്ച് വായിക്കാനായി 12 ഭാഗങ്ങൾ കൊടുത്തിട്ടുണ്ട്. അവിടെയെല്ലാം നെസ്തോറിയർ വെറുക്കുന്ന ''ദൈവമാതാവ്'' എന്ന വാക്കാണ് കൊടുത്തിരിക്കുന്നത്.

(2) 50 നോമ്പിലെ എല്ലാ ശനിയാഴ്ചകളിലും വായിക്കേണ്ട വായന കുറിപ്പുകൾ എഴുതിയിട്ടുണ്ട്. നെസ്തോറിയർ 50 നോമ്പിലെ ശനിയാഴ്ചകളിൽ കുർബ്ബാന ചൊല്ലുകയില്ല.

(3) വി. വേദപുസ്തകത്തിൽ അപ്പോസ്തോലപ്രവൃത്തികളിലെ 20:28 ൽ "ദൈവത്തിന്റെ സഭയെ മേയിക്കുവാൻ" എന്നാണ് നമ്മുടേത്. അതാണ് ഈ പുസ്തകത്തിൽ" എന്നാൽ നെസ്തോറിയ വേദപുസ്തകത്തിൽ "ക്രിസ്തുവിന്റെ സഭയെ മേയിക്കുവാൻ" എന്നാണ്.

അതുകൊണ്ട് ഈ വേദപുസ്തകം യാക്കോബായ സഭയുടേതായിരുന്നു എന്നത് തർക്കമറ്റ സംഗതിയാണ്.

ഏതായാലും 15-ാം നൂറ്റാണ്ടിനു മുൻപ് ഇവിടെ യാക്കോബായ വിശ്വാസമാണ് നിലവിൽ ഇരുന്നത് എന്ന് ചരിത്രം സാക്ഷിക്കുന്നു. ആയതിനാൽ ഈ കയ്യെഴുത്ത് വേദപുസ്തകം മലങ്കരസഭയിൽ എത്തിയത് 15-ാം നൂറ്റാണ്ടിലോ അതിനു മുൻപോ ആണ് എന്ന കാര്യത്തിൽ സംശയം ഇല്ല.

14-ാം നൂറ്റാണ്ടോടുകൂടി ചില റോമൻ കത്തോലിക്കർ യാത്രാമദ്ധ്യേ ഇവിടം സന്ദർശിച്ചെങ്കിലും യാതൊരുവിധ മതപ്രവർത്തനവും നടത്തിയതായി രേഖകൾ ഇല്ല. ജോൺ ഡി. മോൺഡി കാർമിനോ എന്ന റോമൻ മിഷനറി ചൈനയിലേക്കുള്ള യാത്രാമദ്ധ്യേ 1306 ൽ എഴുതിയ ഒരു കത്തിൽ മലബാറിൽ കുറെ ക്രിസ്ത്യാനികളും യഹൂദന്മാരും ഉണ്ട്. എന്നാൽ അവർക്ക് വലിയ ശക്തി ഒന്നും ഇല്ല എന്ന് എഴുതിയിരിക്കുന്നു.

ഏതായാലും 14-ാം നൂറ്റാണ്ടിലും മലങ്കരയിൽ യാക്കോബായ വിശ്വാസം നിലനിന്നിരുന്നു എന്ന് ലെക്വിൻ എന്ന എഴുത്തുകാരൻ പറയുന്നു. ക്രൈസ്തവ വിശ്വാസം നിശേഷം നശിച്ചുപോകാതെ സംരക്ഷിക്കുന്നതിന് ഒരു മെത്രാനെ അയച്ചു കൊടുക്കണമെന്ന് മലബാർ (മലങ്കര) ക്രിസ്ത്യാനികൾ 14-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ അലക്സാന്ത്രിയായിലെ യാക്കോബായ പാത്രിയർക്കീസിന്റെ അടുക്കൽ അപേക്ഷിച്ചു എന്നും അതനുസരിച്ച് ഒരു യാക്കോബായ സുറിയാനി മെത്രാനെ അയച്ചു കൊടുത്തു എന്നും ലെക്വിൻ എഴുതിയിരിക്കുന്നു.

ഒരു കാര്യം വ്യക്തമാണ് 14-ാം നൂറ്റാണ്ടിലെ മലങ്കര നെസ്തോറിയമോ റോമൻ കാത്തോലികമോ ആയിരുന്നില്ല. മലങ്കര സഭ 15-ാം നൂറ്റാണ്ടിൽ നെസ്തോറിയ മെത്രാൻമാരെ സ്വീകരിപ്പാൻ നിർബന്ധിതരായി തീർന്നതുവരെ യാക്കോബും ആയിരുന്നു എന്നതിന് തർക്കമില്ല. മല

ങ്കരയിലെ വിശ്വാസികൾ നെസ്തോറിയ മെത്രാന്മാരെ സ്വീകരിക്കാൻ കാരണം അവർ തങ്ങളുടെ ആത്മീയ മേലധികാരിയായി കരുതിയിരുന്ന അന്ത്യോഖ്യ പാത്രിയർക്കീസിന്റെ പ്രതിനിധിയാണ് ബാബിലോൺ പാത്രിയർക്കീസ് (സെലൂഷ്യായിലെ കാതോലിക്കാ) എന്ന ധാരണയിൽ ആയിരുന്നിരിക്കണം.

ഇവിടെ പ്രസക്തമായ മറ്റൊരുകാര്യം 13-ാം നൂറ്റാണ്ടോടുകൂടി യാക്കോബായ സഭയുടെ സുവർണ്ണകാലം അസ്തമിച്ചു എന്നതാണ്. ഈ കാലത്തെ അന്ത്യോഖ്യാ പാത്രിയർക്കീസന്മാർ അശക്തരും അല്പബുദ്ധികളും ആയിരുന്നു. സത്യവിശ്വാസികളും ദീർഘദൃഷ്ടികളും ആയിരുന്ന പൂർവ്വികരുടെ സ്ഥാനത്ത് സ്വാർത്ഥരും ഐഹിക പ്രേമികളും ആയ ആളുകൾ കടന്നു കയറി. ലൗകിക സുഖങ്ങളോടുള്ള താൽപര്യം അരമനകളിലും ആശ്രമങ്ങളിലും വ്യാപകമായി. ആഭ്യന്തര കലഹങ്ങൾ സഭയെ ക്ഷീണിപ്പിച്ചു. വളരെ ദൂരെയുള്ള മലങ്കര സഭയുടെ കാര്യം ശ്രദ്ധിക്കാൻ ആർക്കും സമയം ഇല്ലാതെയായി. പുരോഹിതന്മാരും ആശ്രമവാസികളും ആത്മികകാര്യങ്ങളിൽ താൽപര്യമില്ലാതെ ലൗകിക സുഖങ്ങളിൽ മുഴുകി. തൻമൂലം മലങ്കരസഭ എപ്പിസ്ക്കോപ്പൽ പിൻതുടർച്ച ലഭിക്കാതെ പല ഇടവകകളും വൈധവ്യമായി, നാമാവശേഷമായി. മെത്രാൻമാർക്കുവേണ്ടി മലങ്കരയിൽ നിന്ന് പല പൗരസ്ത്യ സിംഹാസനങ്ങളിലേക്കും അപേക്ഷിക്കേണ്ടിവന്നു. ഫലമില്ലാതെ വന്നപ്പോൾ മലങ്കരയിൽ നിന്ന് മൂന്നു സഭാവിശ്വാസികൾ നിയോഗിക്കപ്പെട്ടു. 1490 ൽ അവർ ഇവിടെനിന്നു യാത്ര തിരിച്ചു. ഒരാൾ യാത്രാമദ്ധ്യേ മരണപ്പെട്ടു. മറ്റുള്ള രണ്ടുപേർ നെസ്തോറിയ പാത്രിയർക്കീസ് ആയിരുന്ന മോർ ശെമയോന്റെ അടുക്കലേക്ക് നയിക്കപ്പെട്ടു. തന്റെ അധികാരസീമ വർദ്ധിപ്പിക്കുന്നതിനു ലഭിച്ച ഈ അവസരത്തിൽ സന്തോഷിച്ച അദ്ദേഹം തോമ്മാ, യോഹന്നാൻ എന്നീ രണ്ടു സന്യാസികൾക്ക് മെത്രാൻപട്ടം കൊടുത്ത് ഇൻഡ്യക്കാരോടൊപ്പം അയച്ചു. അവർ മലങ്കരയിൽ പുതിയ പലപള്ളികളും കൂദാശ ചെയ്യുകയും പലർക്കും വൈദികപട്ടം കൊടുക്കുകയും ചെയ്തു.

1502 ൽ ശെമയോൻ പാത്രിയർക്കീസിന്റെ പിൻഗാമി മൂന്നു നെസ്തോറിയ മെത്രാന്മാരെകൂടി ഇങ്ങോട്ടയച്ചു. നേരത്തെ വന്ന യോഹന്നാൻ മെത്രാൻ അപ്പോഴും ജീവിച്ചിരുന്നു. 1504-ൽ അവർ നെസ്തോറിയ പാത്രിയർക്കീസിന് അയച്ച റിപ്പോർട്ടിൽ ഇപ്രകാരം എഴുതി "നമ്മുടെ വിശ്വാസത്തോടു യോജിപ്പുള്ള ഏകദേശം 30000-ത്തോളം കുടുംബങ്ങൾ ഇവിടെയുണ്ട്. അവർ കൂടുതൽ പള്ളികൾ പണിയുന്നതിനു ശ്രമിക്കുന്നു. ഇവിടെ വളരെ സുഭിക്ഷമാണ്. ജനങ്ങൾ സൗമ്യശീലരും സമാധാന പ്രിയരും ആണ്. ഇവിടെനിന്ന് 25 ദിവസത്തെ വഴിയകലമുള്ള മൈലാപ്പൂർ എന്ന പട്ടണത്തിലും സമീപമുള്ള തോമ്മാശ്ലീഹായുടെ പള്ളിയിലും അനേക ക്രിസ്ത്യാനികൾ സഹവർത്തിക്കുന്നു. ക്രിസ്ത്യാനികൾ അധിവസിക്കുന്ന നമ്മുടെ സ്ഥലത്തിന് മലബാർ എന്നാണ് പേര്. ഇവിടുത്തെ പ്രധാന പട്ടണങ്ങൾ കൊടുങ്ങല്ലൂർ, പാഴൂർ, കൊല്ലം എന്നിവയാണ്. ഇവയോടു സമമായ മറ്റു പട്ടണങ്ങളും ഉണ്ട്. അവിടെയെല്ലാം പള്ളികളും ക്രിസ്ത്യാനികളുടെ ഭവനങ്ങളും കാണപ്പെടുന്നു...." മേൽപറഞ്ഞ മെത്രാന്മാരാണ് മലങ്കരയിൽ നെസ്തോറിയ വിശ്വാസം സ്ഥിരപ്രതിഷ്ഠിതമാക്കിയത്. പക്ഷെ ഒരു കാര്യം വ്യക്തമാണ് 15-ാം നൂറ്റാണ്ടുവരെ മലങ്കരസഭ നെസ്തോറിയമോ റോമനോ ആയിരുന്നില്ല എന്നു മാത്രമല്ല യാക്കോബായ വിശ്വാസം സഭാംഗങ്ങളിൽ മായാതെ കിടന്നിരുന്നു.

1498 ൽ വാസ്കോഡിഗാമ വരുന്നതുവരെ മലങ്കരസഭയെ സ്വാധീനിക്കാൻ റോമാക്കാരുടെ എന്തെങ്കിലും ശ്രമങ്ങൾ നടന്നതായി തെളിവുകൾ ഇല്ല. പക്ഷെ നിർഭാഗ്യവശാൽ 1502-ൽ സുറിയാനി സമുദായത്തിന്റെ ഒരു പ്രതിനിധി സംഘം വാസ്കോഡിഗാമയെ കണ്ട് തങ്ങളുടെ പഴയരാജാവിന്റെ ചെങ്കോൽ സമർപ്പിച്ച് തങ്ങളെ ഹിന്ദു-മുഹമ്മദിയ പീഡനങ്ങളിൽ നിന്ന് രക്ഷിക്കണമെന്ന് അപേക്ഷിച്ചു. അദ്ദേഹം അവരെ സസ്നേഹം സ്വീകരിക്കയും വേണ്ട സംരക്ഷണം ഉറപ്പു കൊടുക്കുകയും ചെയ്തു. ഭൗതിക പീഡകളിൽ നിന്നു രക്ഷപെടാൻ വേണ്ടി സുറിയാനിക്കാർ തുടക്കമിട്ട ഈ ബന്ധം ക്രമേണ ദീർഘമായ ആത്മിക പീഡകൾക്കും വിശ്വാസ ധ്വംസനകൾക്കും കാരണമായി എന്നത് പിന്നിടുള്ള മലങ്കരസഭാചരിത്രം.

**N.B.**

റോമ സഭയുടെ അധിനിവേശം മുതൽ നാളിതുവരെയുള്ള മലങ്കര സഭാചരിത്രം 'ക്നാനായ ദീപ'ത്തിന്റെ ഏപ്രിൽ 2017 മുതൽ നവംബർ 2018 വരെയുള്ള 20 ലക്കങ്ങളിലായും മലങ്കരസഭയുടെ ആരംഭം മുതൽ പോർട്ടുഗീസ് അധിനിവേശംവരെയുള്ള ചരിത്രം ഡിസംബർ 2018 മുതൽ ഈ ലക്കം വരെയുള്ള കാലയളവിലെ 7 ലക്കങ്ങളിലായും അങ്ങനെ ആകെ 27 ലക്കങ്ങളിലായി 'മലങ്കരസഭയുടെ ഉത്ഭവവും പരിണാമവും' (The Malankara Church -Origin and Evolution) പൂർത്തീകരിക്കാൻ കഴിഞ്ഞതിൽ സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ആയതിനു സഹായിച്ച മേൽപറഞ്ഞ കാലയളവുകളിലെ 'ക്നാനായ ദീപം' ഭാരവാഹികളോടും, പ്രവർത്തകരോടും, വായനക്കാരോടും ഉള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഈ എളിയ ഉദ്യമത്തിൽ സഹായിച്ച വിവിധ ലേഖന കർത്താക്കളോടും സമാലോചനകൾ (Consultations) ക്കു സഹകരിച്ച എല്ലാ മാന്യ വ്യക്തികളോടും നന്ദി അറിയിക്കുന്നതിനോടൊപ്പം ഈ ഉദ്യമത്തിന് സഹായിച്ച പുസ്തക രചയിതാക്കളെ നന്ദിപൂർവ്വം സ്മരിക്കട്ടെ.


(1) മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ -ശ്രീ. ഇ. എം. ഫിലിപ്പ്
(2) സുറിയാനി സഭാചരിത്രവും വിശ്വാസസത്യങ്ങളും:- ഡോ. കുര്യൻ കോർ എപ്പിസ്കോപ്പാ, കണിയാംപറമ്പിൽ
(3) ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനകൾ - ഡോ. സ്കറിയാ സഖറിയ
(4) മലങ്കര സുറിയാനി ക്നാനായ സമുദായചരിത്രം - ശ്രീ. റ്റി. ഏബ്രഹാം വാഴയിൽ
(5) ക്നാനായ സമുദായം - കഴിഞ്ഞ ഒരു നൂറ്റാണ്ടിലൂടെ -ഷെവ. വി.ഒ. ഏബ്രഹാം
(6) പ്രവാസികൾ- ശ്രീ. സി. മർക്കോസ്, കാരയ്ക്കാട്ട്
(7) കേരളത്തിലെ ക്രൈസ്തവസഭകൾ - റവ. ജി. ചേടിയത്ത്
(8) ആദിമ സഭയുടെ സന്ദേശം - റവ. ജി. ചേടിയത്ത്
(9) കൂനൻ കുരിശ് - ശ്രീ. ഇസഡ്. എം. പാറേട്ട്
(10) തെക്കുംഭാഗ സമുദായചരിത്രം - ശ്രീ. ജോസഫ് ചാഴിക്കാടൻ


## ഇംഗ്ലീഷ് റിട്രീറ്റ്

ബാംഗ്ലൂർ സെന്റ് ജോർജ്ജ് ക്നാനായ പള്ളിയുടെ ആഭിമുഖ്യത്തിൽ ദ്വിദിന ഇംഗ്ലീഷ് റിട്രീറ്റ് നവംബർ 30, ഡിസംബർ 1 തീയതികളിൽ ബാംഗ്ലൂർ സെന്റ് ജോർജ്ജ് ക്നാനായ പള്ളിയിൽ നടത്തപ്പെടുന്നു. ഈ Kindle-19 ധ്യാനത്തിന് ബ്രദർ ബോണി ചെല്ലാനം & ടീം നേതൃത്വം നല്കുന്നു. ബാംഗ്ലൂരിലും സമീപസ്ഥലങ്ങളിലും ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളെ സ്വാഗതം ചെയ്യുന്നു.

Contact : 9847121747 (വികാരി)

മല്പാനോട് ചോദിക്കാം

# ദൈവത്തെ " നീ " എന്ന് അഭിസംബോധന ചെയ്യുന്നതു ശരിയോ?

വി. ബൈബിളിലും, പരി. സുറിയാനിസഭയുടെ ആരാധനകളിലും, ഗീതങ്ങളിലും, ശുശ്രൂഷകളിലും, പ്രുമിയോൻ സെദറാകളിലും എല്ലാം ദൈവത്തെ "നീ" എന്ന് അഭിസംബോധന ചെയ്യുന്നതു ശരിയാണോ? സാധാരണയായി ഒരാൾ തന്നെക്കാൾ പദവിയോ, സ്ഥാനമോ കുറഞ്ഞവരെയാണല്ലോ "നീ" എന്ന് വിളിക്കാറുള്ളത്. ഈ കാലഘട്ടത്തിൽ ഒരാളെ "നീ" എന്ന് അഭിസംബോധന ചെയ്താൽ അതു സംസ്കാര ശൂന്യതയായി കണക്കാക്കും എന്നതിനാൽ എല്ലാവരേയും പേരു വിളിച്ചാണല്ലോ നാം അഭിസംബോധന ചെയ്യുന്നത്.

സ്വന്തം മാതാപിതാക്കളേയും പ്രായത്തിൽ മുതിർന്നവരേയും, ആദ്ധ്യാത്മിക-സാമൂഹിക-സാംസ്ക്കാരിക നേതാക്കന്മാരേയും, ഗുരുക്കന്മാരേയും, എല്ലാം വളരെ ബഹുമാന പുരസ്സരം വ്യത്യസ്ഥ പദങ്ങൾ ഉപയോഗിച്ച് അഭിസംബോധന ചെയ്യുന്ന നാം ഈ പ്രപഞ്ചത്തിന്റെയും മനുഷ്യൻ ഉൾപ്പെടെ സകല ജീവജാലങ്ങളുടേയും സൃഷ്ടിതാവും, സർവ്വവ്യാപിയും, സർവ്വശക്തനും, സർവ്വജ്ഞാനിയും, പരമകാരുണ്യവാനും, നിത്യസ്നേഹവുമായിരിക്കുന്ന ദൈവത്തെ "നീ" എന്ന് അഭിസംബോധന ചെയ്യുന്നതു ശരിയാണോ എന്ന് പലരും ചോദിക്കാറുണ്ട്. ചില ക്രൈസ്തവ വിഭാഗങ്ങളിൽ ദൈവത്തെ അഭിസംബോധന ചെയ്യുമ്പോൾ "അങ്ങ്, അങ്ങയുടെ, അവിടുത്തെ" എന്നിത്യാദി പദങ്ങൾ ഉപയോഗിച്ച് കാണുമ്പോൾ അതല്ലേ ശരിയായ രീതി എന്നും "നീ" എന്ന പദം നിന്ദാ സൂചകമല്ലേ എന്ന് ചിന്തിക്കുന്നവരുമുണ്ട്.

പരി. സുറിയാനി സഭാ പിതാക്കന്മാരുടെ കാഴ്ചപ്പാടിൽ "നീ" എന്ന പദം ഏറ്റം വലിയ ബന്ധത്തേയും അടുപ്പത്തേയും, സ്വാതന്ത്ര്യത്തേയും സൂചിപ്പിക്കുന്നതാണ്. അങ്ങ്, അങ്ങയുടെ, അവിടുത്തെ തുടങ്ങിയ പദങ്ങൾ ബഹുമാനപുരസ്സരമായി ഉപയോഗിക്കുന്നുവെങ്കിലും അത് അകൽച്ചയേയും, അടിമത്വത്തേയും സൂചിപ്പിക്കുന്ന പദങ്ങൾ കൂടിയാണ്. ദൈവത്തെ ആരാധിക്കുമ്പോൾ ദൈവത്തിൽ നിന്ന് അകന്നുനിന്നുകൊണ്ടല്ല പ്രത്യുത ദൈവത്തിൽ പരിപൂർണ്ണമായി ലയിച്ച് അവനിൽ ആയിരുന്നുകൊണ്ടാണ് ആരാധിക്കേണ്ടത് എന്നതാണ് പിതാക്കന്മാരുടെ കാഴ്ചപ്പാട്. ഞാൻ ദൈവത്തിലും ദൈവം എന്നിലും ആയിരിക്കുമ്പോൾ "അങ്ങ്" എന്നോ "അവിടുത്തെ" എന്നോ എനിക്കു പറയാനാവില്ല അപ്പോസ്തോലനായ പൗലോസ് ശ്ലീഹായുടെ ഭാഷയിൽ പറഞ്ഞാൽ "ഞാൻ മരിച്ചു, ക്രിസ്തുവിൽ മറഞ്ഞു. ഇനി എന്നിൽ ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ". എന്നു പറയാൻ സാധിക്കുന്ന ആദ്ധ്യാത്മികതയുടെ പൂർണ്ണതയിൽ നിന്നുകൊണ്ടുവേണം ദൈവത്തെ ആരാധിക്കുവാൻ.

യേശു തമ്പുരാൻ തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ പന്ത്രണ്ട് ശിഷ്യന്മാരെ തിരഞ്ഞെടുത്ത് അവരുടെ ഗുരുവും വഴികാട്ടിയുമായിരുന്ന് അവരെ പഠിപ്പിക്കുകയും വഴി നടത്തുകയും ചെയ്തു. എന്നാൽ തന്റെ ശുശ്രൂഷയുടെ അവസാനത്തിൽ താൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു "യജമാനൻ ചെയ്യുന്നത് ദാസന് അറിയായ്കകൊണ്ട് ഞാൻ നിങ്ങളെ ദാസന്മാർ എന്ന് ഇനി പറയുന്നില്ല. ഞാൻ എന്റെ പിതാവിനോട് കേട്ടതെല്ലാം നിങ്ങളോട് അറിയിച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു. (യോഹ.15:15). സ്നേഹിതന്മാർ തമ്മിൽ തുല്യപദവി ആയതിനാലും സ്നേഹത്തിന്റെ പൂർണ്ണതയിലായതിനാലും പരസ്പരം സംസാരിക്കുമ്പോൾ "അങ്ങ്" എന്നു പറയാറില്ലല്ലോ. എന്നാൽ ആ സ്നേഹബന്ധത്തിൽ "നീ" എന്നു വിളിച്ചാൽ ആരും അതു നിന്ദാസൂചകമായി കാണുന്നില്ല. എന്നു മാത്രമല്ല അത് പരസ്പര സ്വാതന്ത്ര്യത്തെ സൂചിപ്പിക്കുന്ന പദമായി മാറുകയും ചെയ്യും.

"ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളേയും ഇരുത്തും". (യോഹ.14:3) എന്നു പറഞ്ഞ കർത്താവ് തന്റെ പുനരുദ്ധാനശേഷം തന്റെ ശിഷ്യന്മാരെ "സഹോദരന്മാർ" എന്നാണ് അഭിസംബോധന ചെയ്തത് (യോഹ. 20:17). വിശ്വാസത്താൽ യേശുവിനോടും പരിശുദ്ധ ത്രിത്വത്തോടും ചേരുന്ന ഒരു വ്യക്തി അതേ ദൈവത്തിലായിരുന്ന് അവനെ ആരാധിക്കുമ്പോൾ "എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" എന്ന ദൈവിക വാഗ്ദത്വത്തിന് അർഹനാകുന്നതോടൊപ്പം ക്രിസ്തുവിൽ ഒരു ശരീരമായി മാറുകയും ചെയ്യുന്നു.

ചുരുക്കത്തിൽ ദൈവത്തെ "നീ" എന്ന് വിളിക്കുമ്പോൾ അത് തന്നേക്കാൾ പദവി കുറഞ്ഞ ആൾ എന്ന അർത്ഥത്തിൽ നിന്ദാസൂചകമായല്ല പ്രത്യുത വേർപെടുത്താനാവാത്ത വിധം ദൈവത്തോടു ചേർന്ന് ഒന്നായത്തീർന്ന ആദ്ധ്യാത്മികതയുടെ പൂർണ്ണതയിൽ വളരെ ബഹുമാനപുരസ്സരം ഉള്ള വാക്കായി അതിനെ കാണേണ്ടതാണ്. ●

## മർത്തമറിയം വനിതാസമാജത്തിന്റെ സംയുക്ത വാർഷിക സമ്മേളനം

മലങ്കര സുറിയാനി ക്നാനായ വിമൻസ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ മർത്തമറിയം വനിതാ സമാജത്തിന്റെ സംയുക്ത വാർഷിക സമ്മേളനം 2019 ഡിസംബർ 6-ാം തീയതി വെള്ളിയാഴ്ച ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ കല്ലിശ്ശേരി മേഖലയുടെ **അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ** അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ, **ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ** യോഗം ഉദ്ഘാടനം ചെയ്യുന്നതും, റാന്നി മേഖലയുടെ **അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ** അനുഗ്രഹപ്രഭാഷണം നടത്തുന്നതും, **റവ. ഫാ. ജയിസൺ കാഞ്ഞിരംപാറയിൽ** (എൻ.സി.ബി.എസ് ആശ്രമം കുറ്റിയാടി, കോഴിക്കോട്) ധ്യാനപ്രസംഗം നടത്തുന്നതുമാണ്. പ്രസ്തുതയോഗത്തിലേക്ക് എല്ലാ വൈദികരെയും, സുവിശേഷകരെയും, വനിതകളെയും ദൈവതിരുനാമത്തിൽ സ്വാഗതം ചെയ്തുകൊള്ളുന്നു.

# വിവാഹിതരായി



Advt -

കുറിച്ചി മോർ ഇഗ്നാത്യോസ് ക്നാനായ പള്ളി ഇടവകയിൽ കുറ്റിയിൽ മെലേത്തിൽ കെ. യു. തോമസിന്റെയും ലീലാമ്മ തോമസിന്റെയും മകൻ **Eldho Thomas** ഉം വെച്ചുച്ചിറ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ തട്ടാറയിൽ റ്റി. പി. തോമസിന്റെയും സുജ തോമസിന്റെയും മകൾ **Cimi Susan Tom** ഉം തമ്മിലുള്ള വിവാഹം 09–09–2019 ൽ കുറിച്ചി മോർ ഇഗ്നാത്യോസ് ക്നാനായ പള്ളിയിൽ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

# അഭിനന്ദനങ്ങൾ



**മീവൽ ആൻ സ്റ്റീഫൻ** കേരളാ യൂണിവേഴ്സിറ്റിയിൽ (C. A. T. Trivandrum) നിന്ന് ഫസ്റ്റ് ക്ലാസോടെ ആർക്കിടെക്ചറിൽ (B.Arch) ബിരുദം കരസ്ഥമാക്കിയിരിക്കുന്നു. തൃപ്പൂണിത്തുറ മാമലത്താഴത്ത് സ്റ്റീഫൻ ജോസഫ് (ബേബി) ന്റെയും സിമി സ്റ്റീഫന്റെയും മകളാണ്.

Advt -

# ഡോക്ടറേറ്റ് ലഭിച്ചു



മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ബയോടെക്നോളജിയിൽ ഡോക്ടറേറ്റ് നേടിയ **റിനി ഏബ്രഹാം (RINI ABRAHAM)** മാന്നാർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകാംഗം തുണ്ടിച്ചിറയിൽ അനീഷ് ഉണ്ണിട്ടന്റെ (Aneesh Unnittan) ഭാര്യയും ഇരവിപേരൂർ തോട്ടപ്പുഴ സെന്റ് പീറ്റേഴ്സ് ക്നാനായ പള്ളി ഇടവകാംഗം കുന്നുംപുറത്ത് പരേതനായ **കെ. കെ. ഏബ്രഹാമിന്റെയും ചിന്നമ്മ ഏബ്രഹാമിന്റെയും** മകളുമാണ്.
മക്കൾ: **ബിയോൺ (Beon), ഇവാൻ (Evan), അമേലിയ (Amelia)**

Advt -O

## 50-ാം വിവാഹ വാർഷികം

16-11-2019



**കുര്യാക്കോസ് കുര്യൻ & അന്നമ്മ കുര്യൻ**

**കുഴിക്കാട്ട്, കുറിച്ചി**

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി


ആശംസകൾ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - R

## Congratulations



Indian Army യിൽ Major പദവിയിൽ നിന്നും Lieutenant Colonel ആയി Promotion ലഭിച്ച **Regil Raj Abraham.** ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകാംഗവും തോട്ടത്തിൽ ശ്രീ. റ്റി. സി. ഏബ്രഹാമിന്റെയും ശ്രീമതി. ആനി ഏബ്രഹാമിന്റെയും മകനാണ്. ഭാര്യ ശ്രീമതി അഷ്മിത റെജിൽ. കുറിച്ചി തെക്കേപറമ്പിൽ ശ്രീ. റ്റി. എ. സഖറിയയുടെയും ശ്രീമതി. ജെസ്സി സഖറിയയുടെയും മകളാണ്. മക്കൾ-Izak & Ruth. Archie Raj Abraham (Asst. Manager Inkel Ltd)ഏക സഹോദരനാണ്.

PROJECT BY
WAKE

KNANAYA WEDDINGS.COM

# ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി

www.knanayaweddings.com

എറണാകുളം
+91 70254 22022

ചിങ്ങവനം
+91 94461 46000

info@knanayaweddings.com | knanayaweddings@gmail.com



# ക്നാനായ കോൺഗ്രസ്

## മംഗല്യനിധി



ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മറ്റിയുടെ നേതൃത്വത്തിൽ നിർദ്ധനയായ ഒരു പെൺകുട്ടിയുടെ വിവാഹം നടത്തിക്കൊടുക്കുന്നതിനു വേണ്ടിയുള്ള വിവാഹ ധനസഹായ നിധിയിലേക്ക് രാമമംഗലം സ്വദേശി ആയ **ശ്രീ. സാബു താനുവേലിൽ (ഡാളസ്, യു. എസ്. എ)** നൽകിയ മൂന്ന് ലക്ഷം രൂപാ **ആർച്ച് ബിഷപ്പ് അഭി. മോർ സേവേറിയോസ് കുറിയാക്കോസ് വലിയ മെത്രാപ്പോലീത്താ** ഏറ്റു വാങ്ങുന്നു. പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം, സെക്രട്ടറി റോയ് പുത്തൻപുരയ്ക്കൽ, ട്രസ്റ്റി അനീഷ് റ്റി. സി. തകിടിയിൽ, വൈ. പ്രസിഡന്റ് കൊച്ചുമോൻ ഒറ്റതൈയ്ക്കൽ, ജോ. സെക്രട്ടറി ജയമോൻ മേപ്രത്ത് എന്നിവർ സമീപം.

## "മസ്മൂർ 2019"



ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ **"മസ്മൂർ 2019"** (ആരാധന ഗീതപരിശീലന കളരി) **ആർച്ച് ബിഷപ്പ് അഭി. മോർ സേവേറിയോസ് കുറിയാക്കോസ് വലിയ മെത്രാപ്പോലീത്ത** ഉദ്ഘാടനം ചെയ്യുന്നു. സംഗീത പരിശീലന കളരിക്ക് ഫാ. സേവേറിയോസ് ഇഞ്ചക്കാട്ടിൽ, ഡീ. ഗീവർഗ്ഗീസ് കോശി (ഡീ. സഞ്ചു പട്ടാഴി) എന്നിവർ നേതൃത്വം നൽകി.

# 2020-ലെ കലണ്ടർ പ്രകാശനം




2020 –ലെ സഭാ കലണ്ടറിന്റെ പ്രകാശനം ഒക്ടോബർ 8ന് കുറിച്ചി മന്ദിരം ചപ്പലിൽ നടന്ന വനിതാ സമാജം ധ്യാനയോഗത്തിൽ **ആർച്ച് ബിഷപ്പ് കുറിക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത**, വനിതാ സമാജം കേന്ദ്ര കമ്മിറ്റി അംഗം കുഞ്ഞുമോൾ തോമസ് തോപ്പിൽ തിരുവൻവണ്ടൂരിന് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു.

## അഖണ്ഡ പ്രാർത്ഥന



വെളിയനാട് സുഖാർ ധ്യാനകേന്ദ്രത്തിൽ നടന്ന അഖണ്ഡ പ്രാർത്ഥന ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, കമാൻഡർ സ്കറിയാ തോമസ് എക്സ് എം. പി. സമുദായ ട്രസ്റ്റി, ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരിൽ വികാരി ജനറാൾ, ഫാ. പി. റ്റി. മാത്യു പയ്യനാട്ട് ഭദ്രാസന സെക്രട്ടറി, സാബു തോട്ടുങ്കൽ, മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, ടി. സി. തോമസ് തോപ്പിൽ, തമ്പി ചേന്തിയിൽ, വില്ലി വടാമറ്റം, ഫാ. എൽദോ പാലക്കുന്നേൽ എന്നിവർ സമീപം



അഭി. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു. ശ്രീമതി ഏലിയാമ്മ (mother of Col. Jojan), ഡീക്കൻ ഗീവർഗ്ഗീസ്, കമാൻഡർ സ്കറിയാ തോമസ് എക്സ്. എം. പി. സമുദായ ട്രസ്റ്റി, Bgd രാജൻ, റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ സമുദായ സെക്രട്ടറി, ഫാ. സേവേറിയോസ് തോമസ്, ഫാ. അജു കരിമ്പന്നൂർ എന്നിവർ സമീപം


സർവ്വ ശക്തനായ ദൈവത്തിന്റെ കരുണയാൽ

**സപ്തതി നിറവിൽ**



**ലീലാമ്മ തോമസ്**

**(Rtd. Police Dep.)**

**കാക്കാംപറമ്പിൽ, വാകത്താനം**

ആശംസകളോടെ

മക്കൾ – സൂസന്ന, ഷിനോയി, മാത്യൂസ്

മരുമക്കൾ – അനിത, സൗമ്യ

കൊച്ചുമക്കൾ – അലൻ, റെയാൻ, സാന്ദ്രാ

Advt -



**50–ാം വിവാഹ വാർഷികം**

29–11–2019



**റ്റി. എ. തോമസ് & ലീലാമ്മ തോമസ്**

തുണ്ടിയിൽ (ഹോളിമേരി)

കുറ്റൂർ

ആശംസകളോടെ

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -

**കഴിഞ്ഞ ലക്കം തുടർച്ച**



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**കിടപ്പറ ലോകം (Bedroom the World)**

ജോസ്ച്ചായന്റെ കൈയ്യിൽ തന്റെ കൈയ്യിരിക്കുന്നത് അച്ചൻ കണ്ടതിലുള്ള ചമ്മലോടെ ലിസി ലജ്ജിതയായി താഴത്തെ പുൽക്കൊടികളെ നോക്കിക്കൊണ്ട് നമ്രശിരസ്കയായി ഇരിക്കുകയാണ്. ജോസഫും നേരിയ പുഞ്ചിരിയോടെ അച്ചന്റെ മുഖത്തേക്കു നോക്കി. അച്ചൻ ഹാസ്യരൂപേണ ചോദിച്ചു.

"എനിക്കിവിടെ ഇരിക്കാമോ? അതോ ഞാൻ സ്വർഗ്ഗത്തിലെ കട്ടുറമ്പാകുമോ?".

ലിസി കുനിഞ്ഞ ശിരസ്സ് ഉയർത്താൻ കഴിയാതെ ജോസഫിന്റെ തുടയിലൊരു നുള്ളുകൊടുത്തു. ഈ അവസ്ഥയ്ക്കു കാരണം ജോസ്ച്ചായനാണെന്ന് മനസ്സിൽ പറഞ്ഞുകൊണ്ടാണ് നുള്ളിയത്. പെട്ടെന്ന് ഈ ആക്രമണം വന്നതിനാൽ ജോസഫിന് നിയന്ത്രിക്കാൻ കഴിയാതെ അയ്യോ എന്നു പറഞ്ഞുപോയി.

"അച്ചോ ലിസിയെന്നെ നുള്ളുന്നു". ജോസഫ് തമാശയ്ക്ക് പറഞ്ഞു

"ഈ മനുഷ്യന് ഒരു നാണവുമില്ല" ലിസി കൃത്രിമ ദേഷ്യത്തോടെയാണു പറഞ്ഞത്.

അച്ചൻ ഉടനെതന്നെ വിഷയം മാറ്റി.

"വിശക്കുന്നില്ലേ? ഒന്നരമണിയാകുമ്പോൾ ഫുഡ് റെഡിയാകും. ഇടക്കാലാശ്വാസത്തിനിത് ഇരിക്കട്ടെ".

അച്ചൻ വാങ്ങിക്കൊണ്ടുവന്നു പഫ്സ് അവരുടെ കൈയ്യിൽ കൊടുത്തു. അവർ കഴിച്ചുകൊണ്ട് സംസാരം തുടർന്നു. അച്ചൻ പറഞ്ഞു.

"മക്കളെ, നിങ്ങളുടെ കുടുംബജീവിതത്തിന്റെ ഭദ്രതയ്ക്ക് Bedroom (കിടപ്പറ) വഹിക്കുന്ന പങ്ക് വളരെയാണ്".

"അതെന്താ അങ്ങനെ. കിടപ്പറയ്ക്ക് എന്താണിത്ര വലിയ റോൾ ഞങ്ങളുടെ ജീവിതത്തിൽ". ജോസഫ് ചോദിച്ചു.

"ഈ ചോദ്യത്തിന്റെ ഉത്തരം **Dr.Marian Hillard, "Women and fatigue** എന്ന ഗ്രന്ഥത്തിലൂടെ നമ്മെ അറിയിക്കുന്നു" അച്ചൻ പറഞ്ഞു:

സന്തുഷ്ടമായ കിടപ്പറ ദമ്പതികളുടെ മാനസ്സികോന്മേഷത്തിന് മേളക്കൊഴുപ്പ് കൂട്ടുന്നു. അതിന്റെ നാല് ഭിത്തികൾക്കുള്ളിലാണ് അവരുടെ ജീവിതത്തിന്റെ അസ്ഥിത്വം സ്ഥിതിചെയ്യുന്നത്. അവരുടെ സന്തുഷ്ടി അനന്തര തലമുറയ്ക്ക് ആശയും ആവേശവും പകരുന്നു. ഉത്തമരായ ദമ്പതികളുടെ കിടപ്പറയെക്കുറിച്ചാണ് പറയുന്നത്. അവർ കിടപ്പറയെ സന്തോഷമുഖരിതമാക്കുന്നു. ആനന്ദപൂരിതമായ കിടപ്പറയിൽ നിന്നും നല്ല തലമുറ സൃഷ്ടിക്കപ്പെടുന്നു. കിടപ്പറയിൽ ഭാര്യയും ഭർത്താവും മാത്രം. അത് സ്വർഗ്ഗതുല്യമാകുന്നതും നരകതുല്യമാക്കുന്നതും അവർ തന്നെ. അതിന്റെ ഉത്തരവാദിത്വം ആരുടെയും തലയിൽ കെട്ടിവയ്ക്കേണ്ടതില്ല.

ദമ്പതികൾ ഒന്നാകുന്നുവെന്ന് പറയുന്നത് യാഥാർത്ഥ്യത്തിലെത്തുന്നത് കിടപ്പറയിലാണ്. ശരീരവും മനസ്സും ഒന്നാകുന്ന അവസ്ഥ. അവിടെ ലൈംഗികബന്ധം മാത്രമല്ല എല്ലാ തരത്തിലും ഒന്നാകുന്ന അവസ്ഥ സംജാതമാകണം. ജ്ഞാനം പകരുന്ന സംസാരം, കുശലാന്വേഷണം, ഫലിതം പങ്കുവയ്ക്കൽ, സ്നേഹപ്രകടനങ്ങൾ, ചുംബനം, ആലിംഗനം, സ്വപ്നങ്ങൾ കാണുന്നത് എന്നിവയെല്ലാം കിടപ്പറയിൽ സുലഭമായിട്ടുണ്ടാകണം. ഒന്നിനും പിശുക്ക് കാട്ടരുത്. പരസ്പരം പങ്കുവയ്ക്കുന്നതും ഒന്നാകുന്നതും എല്ലാ അർത്ഥത്തിലും പ്രാവർത്തികമാകുന്നു കിടപ്പറയിൽ.

"വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ" (എബ്രായർ 13:4). കിടപ്പറയിൽ ദൈവികസാന്നിദ്ധ്യമുണ്ടാകണം. പ്രാർത്ഥനയോടുകൂടി കിടപ്പറയിൽ പ്രവേശിക്കുന്നവർക്ക് പ്രത്യേകിച്ച് ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നത് പ്രാർത്ഥനയോടുകൂടിയാണെങ്കിൽ എല്ലാ അർത്ഥത്തിലും കിടപ്പറ സ്വർഗ്ഗതുല്യമാകും. ഒരു കുഞ്ഞ് ലഭിക്കുവാൻ ആഗ്രഹിച്ചുകൊണ്ട് ലൈംഗികബന്ധത്തിൽ ഏർപ്പെടുമ്പോൾ ശരിയായ പ്രാർത്ഥനയുണ്ടാകണം. അങ്ങനെ നല്ല മക്കൾ ജനിക്കുവാൻ കാരണമാകും.

വിവാഹ ജീവിതത്തിൽ പ്രവേശിക്കുവാൻ തയ്യാറായിരിക്കുന്നവർ വളരെ താൽപര്യത്തോടെ കാത്തിരിക്കുന്ന ദിവ



സമാണ് 'ആദ്യരാത്രി'. ദൈവാനുഭവമുള്ള ആദ്യരാത്രിക്ക് ഒരുദാഹരണമാണ് തോബിയാസിന്റെ ആദ്യരാത്രി. വി.വേദ പുസ്തകത്തിലെ ഇതര കാനോനിക ഗ്രന്ഥങ്ങളിൽ ആദ്യത്തെ ഗ്രന്ഥമാണ് 'തോബിദ്' എന്ന പുസ്തകം. തോബീദിന്റെ മകനായ തോബിയാസ് വിവാഹം കഴിഞ്ഞ് ആദ്യരാത്രിയിൽ തന്റെ ഭാര്യ സാറായോടു പറഞ്ഞു; "എന്റെ സഹോദരി നമുക്കു എഴുന്നേറ്റ് പ്രാർത്ഥിക്കാം. നമ്മോടു കരുണചെയ്‌വാനും ഈ രാത്രിയിൽ നമുക്കു സമാധാനം നൽകുവാനുമായി നമുക്കു അപേക്ഷിക്കാം". (തോബിദ് 8:4) തോബിയാസിനെപ്പോലെ ആദ്യരാത്രിയിൽ ദമ്പതികൾ മാത്രം തങ്ങളുടെ മണവറയിൽ ആയിരിക്കുമ്പോൾ ഒരു കൗമ പ്രാർത്ഥിച്ച് ദൈവകരങ്ങളിൽ സമർപ്പിക്കുക. ദൈവം അന്നുമാത്രമല്ല എന്നെന്നും അവരോടുകൂടെയുണ്ടാകും. ദൈവം നടത്തുന്ന കുടുംബത്തിലെ കിടപ്പറയിൽ ദൈവസാന്നിദ്ധ്യം ഉണ്ടായിരിക്കും.

കിടപ്പറയിൽ മറയില്ലാതെ സ്നേഹപ്രകടനങ്ങൾ നടത്തുന്നതിലൂടെ അവരുടെ രണ്ടുപേരുടെയും ജീവിതം ഒരു തുറന്ന പുസ്തകംപോലെയാകും. മനസ്സിന്റെ ഐക്യവും ശരീരത്തിന്റെ ഏകീഭവിക്കലും സാധ്യമാകുന്നതിലൂടെ ജീവിതപങ്കാളി ജീവിതത്തിലെ ഏറ്റവും പ്രാധാന്യമുള്ള വ്യക്തിയെന്ന തിരിച്ചറിവുണ്ടാകും. പകലിന്റെ ക്ഷീണവും പ്രയാസവുമൊക്കെ കിടപ്പറയിലെ പങ്കുവയ്ക്കലിലൂടെ പറന്നകലും. ഈ കിടപ്പറയിലേയ്ക്ക് എത്തിച്ചേരുവാൻ വെമ്പൽകൂടും.

"അച്ചോ, ഞങ്ങൾ ജീവിതത്തിലെ പ്രധാന തീരുമാനങ്ങൾ എടുക്കുന്നത് ഞങ്ങളുടെ കിടപ്പുമുറിയിലാണ് ദൈവസന്നിധിയിൽ പ്രാർത്ഥിച്ച് സമർപ്പിച്ചാണ് ഞങ്ങൾ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്ത്" ജോസഫ് പറഞ്ഞു.

"നല്ലകാര്യം. അങ്ങനെ വേണം". അച്ചൻ രണ്ടുപേരെയും അഭിനന്ദിച്ചു.

"പുരുഷൻ തന്റെ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും" എന്ന ദൈവവചനം എല്ലാ അർത്ഥത്തിലും യാഥാർത്ഥ്യമാകുന്നത് കിടപ്പറയിലാണ്. ആ ഒന്നാകലിൽ ഭാര്യഭർത്തൃബന്ധം വിജയപഥത്തിലെത്തിച്ചേരുന്നതിന് ആ കിടപ്പറയുടെ നാല് ഭിത്തികൾ സാക്ഷികളാകുന്നു.

വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യം ഉണ്ട്. കിടപ്പറയിൽ ജീവിതപങ്കാളിയുടെ കുടുംബാംഗങ്ങളുടെ കുറ്റങ്ങൾ പറയരുത്. അത് ആ വ്യക്തിയ്ക്ക് ഒരിക്കലും താങ്ങാൻ കഴിയുകയില്ല. പ്രതികരിച്ചില്ലെങ്കിൽപ്പോലും മനസ്സിൽ ആ നൊമ്പരം കിടന്നാൽ സന്തോഷകരമായ അനുഭവം കിടപ്പറയിൽ നിന്നും അകന്നു പോകും.

അച്ചന്റെ വാക്കുകൾ കേട്ട് രണ്ടുപേരും അർത്ഥഗർഭമായി ചിരിച്ചു. അച്ചൻ ചോദിച്ചു.

"എന്താണ് അർത്ഥംവച്ചുള്ള ചിരി. അങ്ങനെയുള്ള അബദ്ധം വല്ലതും ഉണ്ടായിട്ടുണ്ടോ"?.

"ഉണ്ടോ എന്ന്. എന്റെ അച്ചോ മധുവിധു നാളുകൾ കഴിഞ്ഞകാലം. ആദ്യനാളുകളിൽ ഇതൊരു സ്ഥിരം പതിവായിരുന്നു". ജോസഫ് പറഞ്ഞു.

"പോ ജോസ്ച്ചായ, അതൊന്നും അച്ചനോട് പറയേണ്ട. അന്നൊന്നും എനിക്ക് വിവരമില്ലായിരുന്നു. യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാൻ കഴിവില്ലായിരുന്നു. മുൻവിധികളോടും തെറ്റിദ്ധാരണകളോടും വിഷയങ്ങൾ കണ്ടപ്പോൾ സംഭവിച്ചുപോയ അബദ്ധം. ഇപ്പോൾ അങ്ങനെയൊന്നുമില്ലല്ലോ". ലിസി പറഞ്ഞു.

"അത് ശരിയാണച്ചോ. ഇപ്പോൾ അവൾ എന്റെ വീട്ടിൽ എന്നെക്കാൾ പ്രിയപ്പെട്ടവളും പ്രാധാന്യമുള്ളവളുമാണ്. അച്ചായനും അമ്മയ്ക്കും ലിസി കഴിഞ്ഞിട്ടെ ഞാൻപോലുമുള്ളൂ. പണ്ട് ഇവളുടെ വാശി ഒന്നു കാണേണ്ടതായിരുന്നു. എന്തു പറഞ്ഞാലും അംഗീകരിക്കില്ല. താൻ പിടിച്ച മുയലിന് രണ്ട് കൊമ്പ്. തിരുത്താൻ ശ്രമിക്കുന്നവരൊക്കെ കുറ്റക്കാർ. അമ്മയായിരുന്നു അന്നവളുടെ ഏറ്റവും വലിയ ശത്രു. അമ്മായിയമ്മപ്പോര് എന്ന് ഓമനപ്പേരും. അന്നു നടന്ന ഒരു സംഭവം പറയട്ടെ ലിസി. ഒരു കള്ളച്ചിരിയോടെ ജോസഫ് ലിസിയെ നോക്കി". അത് കേട്ടതും ഉത്സാഹത്തോടെ അച്ചൻ പറഞ്ഞു.

"ശരി, ശരി കേൾക്കട്ടെ, കേൾക്കട്ടെ.കേൾക്കാൻ രസമുണ്ടാകും". ജോസഫ് തുടർന്നു.

"ഒരു സംഭവം പറയാം. അല്ല ആദ്യത്തെ സംഭവം. രാത്രി

യിൽ അടുക്കളയിൽ നിന്നും ലിസി വരുന്നതും കാത്ത് ഞാൻ ബഡ്റൂമിൽ ഇരിക്കുമ്പോൾ കൊടുങ്കാറ്റടിച്ചു കയറുന്നതു പോലെ ലിസി ഒരു വരവ്. കതക് വലിച്ചടച്ചു കുറ്റിയിട്ടു. നൈറ്റിയെടുത്തു കുത്തി എന്റെ നേരെ ഒരു വരവ്. എന്റെ അച്ചോ ഞാൻ പേടിച്ചുപോയി. വിവാഹം കഴിഞ്ഞിട്ട് അധികം നാളുകൾ ആയിട്ടില്ല. എന്റെ നേരെ ഒരു ആക്രോശം. "നിങ്ങളുടെ തള്ളയുണ്ടല്ലോ ആ മുതുക്കിത്തള്ള, അവരുടെ അഭ്യാസം എന്റെ അടുത്തുവേണ്ട. എന്നെ ഭരിക്കാനൊന്നും നോക്കേണ്ട. കറി ഒന്നാന്തരമായി വയ്ക്കാൻ പഠിപ്പിച്ച് തന്നെയാ എന്റെ അമ്മ എന്നെ ഇങ്ങോട്ടയച്ചത്. എനിക്കറിയാം അടുക്കളയിൽ എന്താ ചെയ്യേണ്ടതെന്ന്". ഒന്ന് നിർത്തിയിട്ട് ജോസഫ് അച്ചനെ നോക്കി. എന്താ സംഭവിച്ചതെന്ന് അച്ചന് അറിയണോ? ലിസി നാണിച്ചിരിക്കയാണ്. അച്ചൻ പറഞ്ഞു.

"ആ പറഞ്ഞോളു".

ജോസഫ് തുടർന്നു. കറിക്ക് ഉപ്പ് കൂടിയപ്പോഴൊക്കെ എന്റെ അമ്മ ലിസിയോട് വളരെ മര്യാദയ്ക്ക് പറഞ്ഞു "ശ്രദ്ധിക്കണമെന്ന്". എന്നാൽ ലിസിക്ക് ഉപ്പിൽ ആരോ കൈവിഷം കൊടുത്തതുപോലെയാണ്. എന്തു പാചകം ചെയ്താലും അല്പം ഉപ്പ് കുടുതലായിരിക്കും. അന്നും പതിവ് തെറ്റിച്ചില്ല. ലിസി അന്ന് വച്ചുണ്ടാക്കിയ സാമ്പാറിന് പതിവിൽ കവിഞ്ഞ ഉപ്പ്. അമ്മ ലിസിയോട് വളരെ ശാന്തമായി പറഞ്ഞു.

ലിസി ഉപ്പ് ഇടുമ്പോൾ ശ്രദ്ധിക്കണമെന്ന് എത്ര തവണ പറഞ്ഞിട്ടുള്ളതാണ്. ഇതെന്താ ശ്രദ്ധിക്കാത്തത്.

അന്ന് പതിവില്ലാതെ അമ്മ അവളെ വഴക്കു പറഞ്ഞു. ക്ഷമയുടെ അതിരു കടന്നപ്പോഴായിരിക്കും അങ്ങനെ പറഞ്ഞത്. പക്ഷെ ലിസ്സിക്ക് വല്ലാതെ ദേഷ്യം വന്നു. അമ്മയോട് കയർത്ത് പറയുവാൻ കഴിയാഞ്ഞതിനാൽ ആ ദേഷ്യമെല്ലാം ഉള്ളിൽ ഒതുക്കിവച്ച് ബെഡ്റൂമിൽ വന്ന് എന്നോട് കലിപ്പ് തീർത്തു. അന്ന് വൈകിട്ട് ഭക്ഷണം കഴിക്കാനിരുന്നപ്പോൾ ഞാൻ ശ്രദ്ധിച്ചിരുന്നു. മുഖത്ത് ഒട്ടും തെളിച്ചം ഇല്ലായിരുന്നു. ഇതായിരുന്നു വിഷയമെന്ന് ബെഡ്റൂമിൽ വന്നപ്പോഴല്ലെ മനസ്സിലായത്. അച്ചായന്റെ സ്വഭാവം അമ്മയ്ക്കറിയാം. ഉപ്പ് കൂടിപ്പോയാൽ കറി എടുത്ത് എറിയും. അതിനാണ് അമ്മ ഉപ്പ് കൂടരുതെന്ന് താക്കീത് കൊടുത്തുകൊണ്ടിരിക്കുന്നത്.

പക്ഷെ ലിസിയ്ക്ക് അത് ശ്രദ്ധിക്കുവാൻ കഴിഞ്ഞില്ല. ഉപ്പിന്റെ നില ശരിയാക്കാൻ അമ്മ ഒത്തിരി പാടുപെട്ടായിരുന്നു. രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പ് പാത്രമെല്ലാം കഴുകിവെയ്ക്കുന്ന ശീലമാണ് ഞങ്ങളുടെ വീട്ടിൽ. പാത്രം കഴുകിക്കൊണ്ടിരുന്നപ്പോൾ അമ്മ ഒരിക്കൽകൂടി ഉപ്പിന്റെ വിഷയം ലിസിയെ ഓർമ്മിച്ചു. ഇനിയുമെങ്കിലും ശ്രദ്ധിക്കണമെന്ന് അത് ലിസിക്ക് ഒട്ടും പിടിച്ചില്ല. അതാണ് ബെഡ്റൂമിൽ ലിസി എന്നോട് ക്ഷോഭിക്കാൻ കാര്യം.

"അച്ചോ, അത് ഒരു പ്രാവശ്യം മാത്രം സംഭവിച്ചു. പിന്നീട് ഒരിക്കലും ഞാൻ ജോസ്ച്ചായനോട് ബെഡ്റൂമിൽ വഴക്കുണ്ടാക്കിയില്ല. അമ്മ എന്നോട് പറഞ്ഞപ്പോൾ അത് ഉൾക്കൊള്ളാൻ ഉള്ള വിവേകമോ പക്വതയോ അന്ന് എനിക്കില്ലായിരുന്നു". ലിസി പറഞ്ഞു. "അച്ചോ, ചെറുപ്പം മുതൽ അമ്മ എന്റെ ജീവനാണ്. ആ അമ്മയെയാണ് ഇവൾ ആക്ഷേപിച്ചത്. എങ്കിലും ദേഷ്യം പുറത്തുകാട്ടാതെ രംഗം ശാന്തമാക്കുവാനാണ് ഞാൻ ശ്രദ്ധിച്ചത്. അമ്മയുടെ കുറ്റം പറഞ്ഞാൽ ഞാൻ സഹിക്കില്ല". ജോസഫ് പറഞ്ഞു.

'തീർന്നില്ല അച്ചോ, പിന്നീട് എന്താ സംഭവിച്ചതെന്ന് അറിയേണ്ടേ". ജോസഫ് ഉത്സാഹത്തോടെ പറഞ്ഞു.

"ലിസിയുടെ ദേഷ്യം കൂടിയതിനൊപ്പം ശബ്ദവും കൂടി. ഞാൻ പറഞ്ഞു; പതുക്കെ പറയൂ. അമ്മ കേൾക്കും. എന്നിട്ടും അടങ്ങിയില്ല. ഞാൻ അമർച്ചയായി പറഞ്ഞു. ശബ്ദം താഴ്ത്തി പറയാൻ. അതും കൂട്ടാക്കാതെ വന്നപ്പോൾ എന്റെ അച്ചോ ഞാൻ അവൾക്കിട്ടൊരു തേമ്പ് കൊടുത്തു. സത്യമായും തല്ലിയില്ലച്ചോ. ഒന്നു തേമ്പിയതെ ഉള്ളൂ. അവൾ ഒറ്റക്കരച്ചിൽ. ജോസ്ച്ചായനെന്നെ തല്ലിയെന്ന് പറഞ്ഞു. എന്റെ അച്ചോ അവൾ കരഞ്ഞ് കണ്ണുനീരും മൂക്കട്ടയുമെല്ലാം തലയിണയിൽ തേച്ചുകൊണ്ട് കമിഴ്ന്നുകിടന്നു കരച്ചിൽ തുടർന്നു. ആശ്വാസവചനങ്ങളോ ക്ഷമപറച്ചിലോ ഒന്നും ഏശിയില്ല. ഞാൻ വേറൊരു ബഡ്ഷീറ്റ് എടുത്ത് താഴെകിടന്നു. വെറുതെ ഒരു രാത്രി നഷ്ടമാക്കി".

ജാള്യതകൊണ്ട് ലിസിക്കു തല ഉയർത്താൻ കഴിഞ്ഞില്ല. പറഞ്ഞു കഴിഞ്ഞതും ജോസഫും അച്ചനും പൊട്ടിച്ചിരിച്ചു.

"എന്റെ ലിസി, വെറുതെ പോയല്ലോ ഒരു രാത്രി.ജോസഫിന്റെ ആ നഷ്ടബോധം ഇപ്പോഴും വിട്ടുമാറിയിട്ടില്ല." അച്ചന്റെ കളിയാക്കൽ ലിസിയെ കൂടുതൽ ലജ്ജാവതിയാക്കി.

"ഈ ജോസ്ച്ചായന്റെ ഒരു കാര്യം".

"അച്ചോ ഞാനാരാ മോൻ. ആ നഷ്ടം മുതലും പലിശയും കൂട്ടി ഞാൻ പിന്നീട് മുതലാക്കി. ജോസഫ് ഒരു കള്ളചിരിയോടെ ലിസിയെ നോക്കി. ലിസിക്ക് അവിടെനിന്നെണിറ്റ് ഓടിയാൽ കൊള്ളാമെന്നുണ്ട്. ജോസഫിന്റെ തുടയ്ക്കിട്ട് നല്ലയൊരു നുള്ളു വീണ്ടും കൊടുത്തു. പതിഞ്ഞ സ്വരത്തിൽ ജോസഫിനോടായി പറഞ്ഞു.

"അച്ചനോടാണ് ഈ പറയുന്നതെന്ന വല്ല ബോധവുമുണ്ടോ?".

"നമ്മുടെ അച്ചനായതുകൊണ്ടല്ലെ. അച്ചനില്ലായിരുന്നെങ്കിൽ നമുക്കിങ്ങനെയിരിക്കാനോ ഈ തമാശകൾ പറയുവാനോ കഴിയുമായിരുന്നോ? അച്ചന്റെ അടുക്കൽ ഒരു മറയും കാട്ടാൻ പറ്റാത്ത വിധം അച്ചനിപ്പോൾ നമ്മുടെ സ്വന്തമല്ലേ. അതുകൊണ്ടാ ഞാനിങ്ങനെയൊക്കെ പറയുന്നത്. മരിക്കുന്നതുവരെ നമ്മൾ അച്ചനോട് കടപ്പെട്ടിരിക്കുന്നു".

ജോസഫ് പറഞ്ഞു കഴിഞ്ഞതും ശബ്ദം ഇടറിപ്പോയി. വാക്കുകൾ തൊണ്ടയിൽ കുരുങ്ങി. ലിസിയുടെ കണ്ണുകളും നിറഞ്ഞു.

''കോമഡി പറഞ്ഞ് ട്രാജഡിയായോ. രണ്ടുപേരും എഴുന്നേൽക്കു. വെറുതെ മൂഡ് ഔട്ടാക്കല്ലെ. സന്തോഷിക്കുവാനാ നിങ്ങളെ ഇവിടെ കൊണ്ടുവന്നത്. എന്റെ ജോസഫെ സെന്റിയടിക്കരുതെ". അച്ചൻ ട്രാക്ക് തിരിച്ചുവിടാൻ ശ്രമിച്ചു.

"ഇല്ലച്ചോ. ഇത് സന്തോഷം കൊണ്ടുള്ള വികാരപ്രകടനമാണ്. അല്ലാതെ മൂഡ്ഔട്ടാക്കത്തില്ല'. ജോസഫ് കണ്ഠശുദ്ധി വരുത്തിക്കൊണ്ട് പറഞ്ഞു.

ലഞ്ച് റഡിയായി. ഇനിയും ഊണുകഴിഞ്ഞിട്ട് ബാക്കി സംസാരിക്കാം. എല്ലാവരും കൂടി റസ്റ്റോറന്റിലേക്കു നടന്നു അച്ചൻ കുട്ടികളെ കൈകാട്ടി വിളിച്ചു. മനസ്സില്ലാമനസ്സോടെ കളി മുടങ്ങിയ സങ്കടം ഉണ്ടായിരുന്നെങ്കിലും അവർ അച്ചന്റെ അടുത്തേക്ക് ഓടിച്ചെന്നു. എല്ലാവരും കൈകഴുകി ഊണിനിരുന്നു.

(തുടരും)



ഡോ. സുനിൽ ഡി. കുരുവിള

# ആരെയും പിൻപോട്ടു തള്ളാതെ

നമ്മുടെ രാജ്യത്തെ പുരോഗമന പദ്ധതികൾ എത്രകണ്ട് സ്ത്രീകൾക്ക് പ്രയോജനകരമാണ്? അവരുടെ വളർച്ചയിൽ നമ്മൾ ഒരു രാജ്യമെന്ന നിലയിൽ എത്രകണ്ട് വിജയിച്ചിട്ടുണ്ട്? ക്രിസ്തീയ സഭകൾ ഈ കാര്യത്തിൽ അവരുടെ പ്രവർത്തനങ്ങളിൽ സമൂഹത്തിന് മാതൃകയാണോ?

പട്ടിണി പട്ടികയിൽ നമ്മുടെ രാജ്യം വീണ്ടും നിരാശാജനകമായി നിൽക്കുമ്പോൾ, സംശയം വേണ്ട, സ്ത്രീകൾ തന്നെയാവും അതിന്റെ ഏറ്റവും കാഠിന്യം അനുഭവിക്കുന്നുണ്ടാവുക. തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ കണക്കുകളും വളരെ നിരാശപ്പെടുത്തുന്നതാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസം, സുരക്ഷിതത്വം, സാനിറ്റേഷൻ എന്നിവയിലും രാജ്യം വളരെ മോശമായ സ്ഥിതിയിലാണ്. തൊഴിൽ ലഭിക്കുന്ന സ്ത്രീകളിൽ പലരും കുടുംബ ആവശ്യങ്ങൾക്കു വേണ്ടിയോ, സുരക്ഷിത വിഷയങ്ങൾ കാരണമോ, തൊഴിൽ ഉപേക്ഷിക്കേണ്ടതായി വരുന്നു. സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക ആക്രമണങ്ങൾ കൂടുന്നതല്ലാതെ കുറയുന്നതായി കാണുന്നില്ല. ശിശുവിവാഹം, ബാലവേല, Child sex-trade എന്നിവകളിലെല്ലാം ഈ കാലഘട്ടത്തിലും ധാരാളം പെൺകുഞ്ഞുങ്ങളുടെ ജീവിതം ഹോമിക്കപ്പെടുന്നു.

രാജ്യം നേടിയ സാമ്പത്തിക പുരോഗതി സ്ത്രീകൾക്ക് പ്രോത്സാഹനമായില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സ്ത്രീകൾക്ക് പുരോഗതിയുണ്ടാകുമ്പോഴാണ് അത് കുടുംബത്തിനും തലമുറയ്ക്കും ഏറ്റവും പ്രയോജനപ്രദമാകുന്നത്. കാർഷിക മേഖലയിൽ വരുമാനം കുറഞ്ഞതും, ഗ്രാമങ്ങളിൽ തൊഴിൽ സാധ്യതകൾ ഇല്ലാതാവുന്നതും കൂടുതൽ പേർ പട്ടണങ്ങളിലേക്ക് (urbanisation) ചേക്കേറുന്നതും സ്ത്രീകൾക്ക് തൊഴിൽ ചെയ്യാനുള്ള അവസരങ്ങൾ കുറച്ചു. ഗ്രാമങ്ങളിൽനിന്ന് പട്ടണങ്ങളിലേക്ക് തൊഴിൽ തേടി പോകാൻ തക്കവണ്ണം ഗതാഗത സൗകര്യങ്ങളോ, ഹോസ്റ്റൽ സംവിധാനങ്ങളോ രാജ്യത്ത് രൂപപ്പെടാത്തതാണ് കാര്യങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നത്. ശൗചാലയങ്ങൾ പോലും ലഭ്യമല്ലാത്ത സാഹചര്യങ്ങൾ സ്ത്രീ വിമോചനത്തിന് വലിയ വെല്ലുവിളിയാണ്.

സ്ത്രീകളിൽ സംഭവിക്കുന്ന കുറവുകൾ അങ്ങനെ തന്നെ കുഞ്ഞുങ്ങളെയും ബാധിക്കുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ കുഞ്ഞുങ്ങൾ മരിച്ചുവീഴുന്ന, പട്ടിണി കിടക്കുന്ന രാജ്യങ്ങളിൽ ഒന്നായി ഈ കാലഘട്ടത്തിലും ഭാരതം നിൽക്കുന്നുവെന്നുള്ളത് ലജ്ജാകരമാണ്.

ഭാരതം സാമ്പത്തികമായും സാമൂഹികമായും വളരണമെങ്കിൽ രാജ്യത്തെ സ്ത്രീ മുന്നേറ്റം ഉറപ്പുവരുത്തിയെ സാധിക്കുകയുള്ളു. പെൺകു ഞ്ഞുങ്ങളുടെ ജനനം മുതൽ അവരുടെ വളർച്ച, വിദ്യാഭ്യാസം, സാമൂഹിക സുരക്ഷ, തൊഴിൽ, ഗാർഹിക ഇടങ്ങളിലെ പരിഗണന, തുല്യത, നീതി എന്നിവ രാജ്യം ഒരു വെല്ലുവിളിയായി തന്നെ ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

താക്കോൽ സ്ഥാനങ്ങളിലൊക്കെ കുറച്ചു സ്ത്രീ നേതാക്കന്മാരെ എത്തിക്കാൻ കഴിഞ്ഞു എന്നതിലുപരി നമ്മുടെ രാജ്യം ഇന്നും സ്ത്രീ സൗഹൃദമായിട്ടില്ല. വലിയ സാമൂഹിക വിപ്ലവം തന്നെ ഈ രംഗത്ത് അനിവാര്യമാണ്. സ്ത്രീകളിൽ നടത്തുന്ന നിക്ഷേപം മറ്റെന്തിനേക്കാളും മൂല്യം നൽകുന്നതാണ്. അതു തലമുറകളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനമായി മാറുന്നു. അടിസ്ഥാനപരമായ സ്ത്രീ ശാക്തീകരണ വിഷയങ്ങളിൽ കേരളം ഒരു സമൂഹമെന്ന നിലയിൽ രാജ്യത്തിനു മാതൃകയായി നിൽക്കുന്നു. എന്നാൽ തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയില്ലെങ്കിൽ നേടിയ പുരോഗതി നിലനിർത്താൻ സാധിക്കുകയില്ല. മാത്രമല്ല ശാക്തീകരിക്കപ്പെട്ട സ്ത്രീയെ അംഗീകരിക്കാൻ കഴിയുന്ന സാമൂഹിക ഇടങ്ങളും, ശാക്തീകരണം അർത്ഥവത്താക്കാൻ സ്ത്രീകളുടെ ഇടയിൽ നിന്നുതന്നെ ഉണ്ടാകേണ്ട മാതൃകകളും നേതൃത്വവും കേരളത്തിൽ ഉയർന്നു വരുന്നില്ലായെന്നും കണക്കുകൾ സൂചിപ്പിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് ക്രിസ്തുവിനാൽ അനുഗ്രഹിക്കപ്പെട്ട, സ്വാധീനിക്കപ്പെട്ട ദൈവജനം എവിടെ നിൽക്കുന്നു എന്ന് അന്വേഷിക്കേണ്ടത്.

യായിറോസിന്റെ ഏകജാതയായ മകളെ അന്വേഷിച്ച് പോകുന്ന ദൈവം. മരിച്ചു എന്ന് കരുതിയിടത്തു ജീവന്റെ



ഉറവയാകുന്ന ദൈവം.... 'നിങ്ങളുടെ കരച്ചിൽ എന്തിന്? കുട്ടി മരിച്ചിട്ടില്ല... ഭയപ്പെടേണ്ട! വിശ്വസിക്കമാത്രം ചെയ്യുക. (മർക്കോ.5:21-43, ലൂക്കോ. 8:40-56).

തന്റെ ജീവിത കാലത്ത് സ്ത്രീകളെയും കുഞ്ഞുങ്ങളെയും കരുതുകയും ബഹുമാനിക്കുകയും തന്റെ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുകയും ചെയ്ത യേശു വലിയ സന്ദേശമാണ് മാനവ ജനതയ്ക്കു നൽകുന്നത്. 'കാണാതെ പോയവരാണ്' തന്റെ ലക്ഷ്യം എന്ന് യേശു ഉറപ്പിക്കുന്നു. വീണു പോയവർക്കും, കുറഞ്ഞുപോയവർക്കും, തോറ്റു പോകുന്നവർക്കും, ഭാരം ചുമക്കുന്നവർക്കും തന്റെ ജീവിതം പകുത്തു നൽകിയ ദൈവം...' പുരോഹിത വർഗ്ഗവും വിശുദ്ധവംശവുമായി' നമ്മെ നിയമിച്ചപ്പോൾ നമ്മളിൽ നിന്നും ആ സേവന നേതൃത്വ ത്തിന്റെ (servent leadership) മാതൃകയാണ് പ്രതീക്ഷിക്കുന്നത്.

അശുദ്ധി കൽപ്പിച്ചവൾ തന്റെ വസ്ത്രത്തിൽ തൊട്ടപ്പോൾ അതൊരു സാമൂഹിക രൂപാന്തരത്തിന് മാതൃകയാക്കിയ യേശു. 'എന്നെ തൊട്ടതാര്' എന്ന അവന്റെ ചോദ്യം ഒരു പുതിയ സാമൂഹിക കാഴ്ചപ്പാടിന് വഴിതെളിക്കുന്നു. ഭയന്നു വിറച്ചവളെ അരികെ ചേർക്കുന്നു. "മകളെ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോകുക".

വെറും പുരോഗമനം അർത്ഥവത്തല്ല എന്ന് നമ്മൾ തിരിച്ചറിയണം. ദൈവജനം ആഴമുള്ള രൂപാന്തരങ്ങൾക്കായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. അന്ധവിശ്വാസങ്ങൾക്കും, അനീതിക്കും, അഴിമതിക്കും, കാഴ്ചപ്പാടില്ലായ്മക്കും എതിരെ ദൈവജനം ഉയർന്ന് മാതൃകയായി നിൽക്കേണ്ടതുണ്ട്.

നീതിക്കുവേണ്ടി കഷ്ടം സഹിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? നന്മ ചെയ്യുന്നതിൽ ശുഷ്കാന്തിയുള്ളവരായിരിപ്പാൻ കഴിയുന്നുണ്ടോ? 'ഭീഷണിയിൽ ഭയപ്പെടുകയും കലങ്ങുകയുമരുത്' എന്ന് വചനം ഓർമ്മിപ്പിക്കുന്നു. അഴിമതി പുരളാത്ത മനസ്സാക്ഷിയുടെ ആൾരൂപമാകാൻ, അവിടെയാണ് മാനവികതയുടെ ഉയർച്ചയുടെ ഗാനം ശ്രവിക്കാൻ നമുക്ക് ഭാഗ്യമുണ്ടാവുന്നത്.

ഒരുപാട് നല്ല മനുഷ്യരുടെ പോരാട്ടമാണ് ഗുഹകളിൽ നിന്നും കാടുകളിൽനിന്നും ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിലേക്കും, പുരോഗതിയിലേക്കും നമ്മെ നയിച്ചത്. ഒരുപാടു മഹാത്മാക്കളുടെ പുണ്യകർമ്മത്തിന്റെയും ത്യാഗത്തിന്റെയും ഫലമാണിത്. കാലം ആവശ്യപ്പെടുന്നത് അർത്ഥവത്തായ രൂപാന്തരങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്ന തുടർ പ്രവർത്തകരെയാണ്. സ്ത്രീകളിലേക്കും അമ്മമാരിലേക്കും നിക്ഷേപിക്കാം. ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിച്ചതുപോലെ നമുക്ക് കുടുംബങ്ങളിലേക്ക് തിരികെ മടങ്ങാം. സ്ത്രീ ശാക്തീകരണവും കരുതലും നമുക്കവിടെ നിന്ന് ആരംഭിക്കാം. എന്റെ കുടുംബത്തിൽ സ്ത്രീ ശക്തയാണോ? അവൾ കരുതപ്പെടുകയും, അംഗീകരിക്കപ്പെടുകയും ചെയ്യുന്നുണ്ടോ? അവളുടെ ആരോഗ്യ മാനസിക വൈകാരിക ആവശ്യങ്ങൾ അറിഞ്ഞു നൽകാറുണ്ടോ? പെൺകുഞ്ഞുങ്ങളെ ശക്തരായ വ്യക്തിത്വങ്ങളാക്കി രൂപാന്തരപ്പെടുത്താൻ ഭവനങ്ങളിൽ ഇടം നൽകാറുണ്ടോ?

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ മൂല്യങ്ങൾ പെൺകുഞ്ഞുങ്ങളെ നല്ല സ്ത്രീത്വത്തിലേക്ക് നയിക്കാൻ പ്രാപ്തമാണോ? അത്തരം ഇടങ്ങളിൽ എങ്ങനെ നമുക്ക് മൂല്യവർദ്ധനവ് നടത്താൻ സാധിക്കും എന്ന് ചിന്തിക്കാം. നഷ്ടപ്പെട്ടും കുറഞ്ഞും പോകുന്ന പെൺജീവിതത്തെ എങ്ങനെ രക്ഷിക്കാം? മദ്യം, മയക്കുമരുന്ന് എന്നിവയുടെ ലഭ്യത, ഉപയോഗം സമൂഹത്തിൽ വർദ്ധിക്കുന്നത് സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സുരക്ഷയ്ക്ക് വലിയ ഭീഷണിയാണ്. ഇതിനെതിരെ നമുക്ക് എങ്ങനെ പ്രതികരിക്കാം. ആധുനിക സാങ്കേതിക വിദ്യയും നവസാമൂഹ്യ മാധ്യമങ്ങളും എങ്ങനെ ഈ ലക്ഷ്യത്തിലേക്ക് ഫലവത്തായി ഉപയോഗിക്കാം. അതിന്റെ ദുരുപയോഗം എങ്ങനെ തടയാം.

സ്നേഹവും കരുതലും സുരക്ഷയുമുള്ളൊരു സാമൂഹിക സൃഷ്ടി നമുക്ക് കൂടിയേതീരൂ. പുരുഷനോടൊപ്പം അവനോട് ചേർന്ന് നിന്ന് അവരിലും ഫലവത്തായ മൂല്യബോധനം സൃഷ്ടിച്ചു മാത്രമേ സ്ത്രീ സാമൂഹിക മാറ്റം സാധ്യമാവുകയുള്ളൂ.

പുരുഷനോടൊപ്പമോ, പുരുഷനേക്കാളേറെയോ, നേട്ടങ്ങൾ കൈവരിച്ച സ്ത്രീ സമൂഹങ്ങളിൽ ഒന്നാണ് കേരളം. ലഭിച്ച അനുഗ്രഹങ്ങൾ എങ്ങനെ ലഭിക്കാത്തവർക്കായി പങ്കുവെക്കാം. വേദനിക്കുന്ന അയൽക്കാരന്റെ രൂപാന്തരത്തിലേക്കാണ് യഥാർത്ഥ ആത്മീകത യാത്രചെയ്യേണ്ടത്. എല്ലാവർക്കും വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയില്ലെങ്കിലും, എല്ലാവർക്കും അവനാലാകുന്നത് ചെയ്യാൻ കഴിയും, അതും വലിയ സ്നേഹത്തോടെ!

ചെറുപ്പക്കാരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന വിവാഹമോചനം, തൊഴിൽ ഇല്ലായ്മ, സൈബർ ലഹരി, ലൈംഗിക അരാജകത്വം, ആർഭാടം, മൂല്യച്യുതി എല്ലാം ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് സ്ത്രീ ജീവിതത്തെയാണ്. അവരുടെ ഇടങ്ങളിലേക്ക് കടന്നു ചെല്ലാം. രൂപാന്തരത്തിന്റെ ശാക്തീകരണത്തിന്റെ പ്രത്യാശയുടെ കിരണങ്ങൾ അവർ കാണട്ടെ.

പ്രായം ചെന്ന സ്ത്രീകളുടെയും, വിധവകളുടെയും പ്രശ്നങ്ങൾ; ലൈംഗിക തൊഴിലിൽ ഏർപ്പെട്ടവരുടെയും, ചതിക്കപ്പെട്ടവരുടെയും, സ്ത്രീ കുറ്റവാളികളുടെയും ഒക്കെ പ്രശ്നങ്ങൾ നമ്മുടെ ജീവിതത്തോട് ചേർത്തു പിടിക്കാം. ദൈവസ്നേഹം ഉപാധികളില്ലാത്തതും, വിവേചനത്തിനും വിഭാഗീയ ചിന്തകൾക്കും അതീതമാണെന്നും ലോകം തിരിച്ചറിയട്ടെ. നമ്മുടെ ജീവിതം തന്നെ മാതൃകയാക്കാം. ദൈവസ്നേഹം നമ്മളിലൂടെ ലോകത്തിന്റെ ഇരുട്ടുള്ള ഇടങ്ങളിലേക്കും വരണ്ട തലങ്ങളിലേക്കും ഒഴുകിയെത്തട്ടെ. സമത്വമുള്ള നീതിയുള്ള അതിലുപരി സർവ്വചരാചരങ്ങൾക്കും സന്തോഷവും സമാധാനവുമുള്ള ഒരു നവദിനം പുലരട്ടെ!

"It is not enough to be compassionate
you must act". - Dalai Lama

●

## ക്നായിതോമാ പ്രാർത്ഥനായോഗം

പൂവൻതുരുത്ത്: ക്നായിതോമ പ്രെയർ ഫെലോഷിപ്പിന്റെ നവംബർ മാസത്തെ പ്രാർത്ഥനായോഗം 24-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5.45 ന് പാക്കിൽ സെന്റ് തോമസ് യാക്കോബായപള്ളി പാരിഷ്ഹാളിൽ വച്ച് നടത്തപ്പെടുന്നു. ബ്രദർ സുനിൽ കോതമംഗലം മുഖ്യ സന്ദേശം നൽകുന്നതാണ്.




# മനഃസാക്ഷി

**(അപ്പോ. പ്രവൃത്തി.23:1)**

**ഫാ. റോയി മാത്യൂസ് കോറെപ്പിസ്‌ക്കോപ്പ, മുളമൂട്ടിൽ**

ദൈവ സൃഷ്ടിയിൽ വച്ച് എല്ലാം കൊണ്ടും പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു മനുഷ്യനാകുന്നു. മനസ്സാ-വാചാ-കർമ്മണാ ഉള്ള മനുഷ്യന്റെ സർവ്വ പ്രവൃത്തികളിലും തെറ്റിന്നതെന്നും, ശരിയിന്നതെന്നും വിധി കല്പിക്കുന്ന ഒരു ശബ്ദം അവന്റെ ഉള്ളിൽ നിന്നും സദാ നിർഗ്ഗമിച്ചുകൊണ്ടിരിക്കുന്നു. ഈ ശബ്ദം അവന്റെ ഓരോ പ്രവർത്തിയുടെയും നന്മയേയും തിന്മയേയും വിവേചിച്ച് അതിന്റെ യഥാർത്ഥമായ അവസ്ഥ അവനു വെളിപ്പെടുത്തി കൊടുക്കുന്നു. ഇപ്രകാരം സർവ്വമനുഷ്യരുടെയും ഹൃദയത്തിൽ നിന്നും ഇടവിടാതെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ദൈവശബ്ദമെന്നോ അന്തഃകരണമെന്നോ മന:സാക്ഷി എന്നോ പറയുന്നു. മനുഷ്യന്റെ സന്മാർഗ്ഗിക പ്രകൃതികളിൽവച്ച് മനഃസാക്ഷിയാണ് ശ്രേഷ്ഠമായിരിക്കുന്നത്. **നന്മ ഇന്നതെന്നും തിന്മ ഇന്നതെന്നും അപ്പഴപ്പോൾ മനസ്സിലാക്കി നന്മയായിട്ടുള്ളതു മാത്രം പ്രവർത്തിക്കുന്നതിനായി ദൈവം മനുഷ്യനു നൽകിയിട്ടുള്ള ഒരു പ്രമാണം അത്രേ മനഃസാക്ഷി.** ഇത്ര ആശ്ചര്യമേറിയ ഒരു ദിവ്യപ്രേരകശക്തി ഓരോ മനുഷ്യനിലും സ്ഥിതി ചെയ്തിട്ടും അതിനെ മനസ്സിലാക്കി അതിന്റെ ശബ്ദത്തെ ഉള്ളവണ്ണം അനുസരിച്ചു ജീവിക്കുന്നവരുടെ സംഖ്യ വളരെ ദുർലഭമാണ് (സദൃ.20:27) മനഃസാക്ഷി എന്നത് ഗുണദോഷ വിവേചന ശക്തിയാകുന്നു (റോമ. 2:15).



മനഃസാക്ഷി നമ്മുടെ മനസ്സിലുദിക്കുന്ന ആശ മുതലായ വികാരങ്ങളേയും നമ്മുടെ പ്രവൃത്തികളേയും ന്യായം വിധിച്ചു നന്മയെ ബഹുമാനിച്ച് തിന്മയെ ഖണ്ഡിക്കുന്നു. തൻമൂലം നാം തന്നെത്താൻ വിധിക്കുന്നവരാകും. (യോഹ. 8:9, അപ്പോ.പ്രവൃ.24:16, റോമ. 9:2, 2.കോരി.1:12,1.തീമോ.1:5, 2.തീമോ.1:4, എബ്രാ.9:9. മനഃസാക്ഷി പാപത്തെപ്പറ്റി ബോധം വരുന്നു. ഉല്പ. 42:21, 1. ശമു.24:5, മത്തായി 27:3).

ആദ്യമനുഷ്യനായ ആദാമിനേയും ഹവ്വായേയും ദൈവം സൃഷ്ടിച്ച് ഏദൻ തോട്ടത്തിൽ ആക്കിയപ്പോൾ അവരുടെ മനഃസാക്ഷി ഏറ്റം പരിശുദ്ധമായതായിരുന്നു. ദൈവീക പ്രമാണങ്ങൾക്ക് കീഴ്പ്പെട്ട് അവയെ അനുസരിച്ച് ജീവിച്ച കാലത്തോളവും അവരുടെ മനഃസാക്ഷി നിർമ്മലമായിരുന്നു. എന്നാൽ അവയെ ലംഘിച്ചപ്പോൾ പാപത്തിനു പ്രവേശനം ഉണ്ടാവുകയും മനഃസാക്ഷിക്ക് മാലിന്യം തട്ടുകയും അതു കുറ്റബോധം ഉള്ളതായി തീരുകയും ചെയ്തു. മനഃസാക്ഷിയുടെ തീരുമാനത്തെ അനുസരിക്കാത്തതുമൂലം ആത്മീക നഷ്ടവും ധാർമ്മിക സംശയവും, ഹൃദയകാഠിന്യവും ഉളവാകുന്നു (മത്തായി 6:22).

ക്രിസ്തുവിന്റെ രക്തത്തിനു മാത്രമേ മനഃസാക്ഷിയെ ശുദ്ധീകരിപ്പാൻ സാധിക്കുകയുള്ളൂ. (എബ്രാ.9:14).

ദൈവവചനത്തിൽ നിന്നും മൂന്നു തരത്തിലുള്ള മനഃസാക്ഷി ഉള്ളവരേക്കുറിച്ച് മനസ്സിലാക്കുവാൻ കഴിയും.

**1. ദുർമനഃസാക്ഷിയുള്ളവർ (എബ്രാ.10:22)**

സർവ്വപാപ പ്രവർത്തികളിൽ നിന്നും വാസ്തവമായ മാനസാന്തരമോ വീണ്ടും ജനനമോ ഹൃദയശുദ്ധീകരണമോ ഉണ്ടാകാതെ പഴയ പ്രകൃതികളിൽ തന്നെ ഇരിക്കുന്ന ഏവരുടെയും മനഃസാക്ഷി ദുർമനഃസാക്ഷിയത്രേ 1.തീമോ.4:2, തീത്തോ 1:15. അവരുടെ സകല ശ്രമങ്ങളും ഇഹത്തിലെ സുഖസന്തോഷസമാധാനങ്ങൾക്കു വേണ്ടി മാത്രമാണ്. അവരുടെ മനഃസാക്ഷിയോ സർവ്വവിധ തെറ്റുകളും പ്രതിബിംബിച്ചുകൊണ്ടിരിക്കുന്നത് ഒരു കണ്ണാടിപോലെയും, വേദന ശമിക്കാത്ത വ്രണംപോലെയുമാകുന്നു. ഓർമ്മയായ കാലം മുതൽ ചിന്തിച്ചതും സംസാരിച്ചതും പ്രവർത്തിച്ചതും ആയ സകലകാര്യങ്ങളും ശിലാലിഖിതങ്ങൾപോലെ അപ്പോഴപ്പോൾ നമ്മുടെ മനഃസാക്ഷിയിൽ എഴുതപ്പെട്ടിരിക്കുന്നു. ഈ സാക്ഷി നമ്മെ വിട്ടുമാറുകയില്ല. യേശുവിന്റെ ക്രൂശിലെ രക്തത്താൽ ദുർമനഃസാക്ഷിക്കു മാറ്റം വരുത്താം എന്നാണ് തിരുവചനം പഠിപ്പിക്കുന്നത്. സുഹൃത്തേ നിന്റെ ദുർമനഃസാക്ഷി മാറണമെന്നു നീ ആഗ്രഹിക്കുന്നുവോ എങ്കിൽ നമ്മുടെ സകല പാപപ്രവൃത്തികളും മനഃസാക്ഷിയാകുന്ന കണ്ണാടിയാൽ കൂടി കാണിക്കുന്നു. കുറ്റങ്ങൾ ഒന്നും മറച്ചുവെക്കുന്നതിൽ അർത്ഥമില്ല. ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചാൽ ശുദ്ധീകരണം പ്രാപിക്കാം.

**2. നിർമ്മല മനഃസാക്ഷിയുള്ളവർ (എബ്രാ.9:14)**

ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനഃസാക്ഷിയെ ശുദ്ധീകരിച്ചു നിർമ്മലമാക്കുന്നു. ദൈവത്തിന്റെ ശുദ്ധിമാന്മാർക്ക് ഉള്ള മനഃസാക്ഷി ഇതാണ്. ഹാബേൽ, ഹാനോക്ക്, നോഹ, അബ്രഹാം, യിസഹാക്ക് തുടങ്ങിയ പരിശുദ്ധന്മാർക്ക് ദൈവത്തിൽ നിന്നും നേരിട്ടുള്ള വെളിപാടുകൾ കൂടെക്കൂടെ ഉണ്ടായിരുന്നതുകൊണ്ട് ദൈവഹിതം ഇന്നതെന്നു നല്ലവണ്ണം മനസ്സിലാക്കുന്നതിനു സാധിച്ചു. പഴയ പാപപ്രകൃതികളോടുകൂടിയ ദുർമനഃസാക്ഷി ക്രിസ്തുവിലുള്ള വിശ്വാസത്താൽ നീക്കപ്പെടുകയും അവന്റെ രക്തത്താൽ ശുദ്ധീകരണം കൊണ്ട് തൽസ്ഥാനത്ത് ഒരു നിർമ്മല മനഃസാക്ഷി ലഭിക്കുകയും ചെയ്യുന്നു. എബ്രാ. 13:18. സകലത്തിലും നല്ലവരായി നടപ്പാൻ ഇച്ഛിക്കകൊണ്ട് ഞങ്ങൾക്കു നല്ല മനഃസാക്ഷി ഉണ്ടെന്നു ഞങ്ങൾ ഉറച്ചിരിക്കുന്നു. 1പത്രോ.3:16 ക്രിസ്തുവിൽ നിങ്ങൾക്കുള്ള നല്ല നടപ്പിനെ ദുഷിക്കുന്നവർ നിങ്ങളെ പഴിച്ചു പറയുന്നതിൽ ലജ്ജിക്കേണ്ടതിനു നല്ല മനഃസാക്ഷിയുള്ളവരായിരിപ്പീൻ. 2 കോരി.4:2, 5:11, 1.തെസ്സ.4:1–7. ഈ ആയുസ്സിൽ ഒരു നിർമ്മല മനഃസാക്ഷി ലഭിപ്പാൻ ശ്രമിക്കേണ്ടതാണ്. ഒരു കുറ്റമനഃസാക്ഷി നമുക്ക് ഉണ്ടായിരിക്ക എന്നത് നമ്മുടെ ഏക ആശ്വാസവും രോഗം, ദുഃഖം, ആദി വിപത്തുകളിൽ നമുക്ക് ധൈര്യം തരുന്ന കോട്ടയും ആകുന്നു. ഇയ്യോബ് 27:6, റോമ.9:1, തീമോ.3:9.പാപത്തെക്കുറിച്ച് വലിയ ദുഃഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉള്ളവരായി വിശ്വാസത്തിന്റെ മർമ്മം ശുദ്ധ മനഃസാക്ഷിയിൽ വച്ചുകൊള്ളുന്നവരായിരിക്കണം. ഇത്തരത്തിലുള്ള ശുദ്ധമനഃസാക്ഷിയോടെയാണോ നാം ജീവിക്കുന്നത്. നിർമ്മല മനഃസാക്ഷി ഉള്ളവർക്കു മാത്രമേ യഹോവയുടെ കൂടാരത്തിൽ പ്രവേശിച്ച് ആരാധിപ്പാൻ സാധിക്കുകയുള്ളൂ.

**3 നിർമ്മല മനഃസ്സാക്ഷി തള്ളിക്കളയുന്നവർ**

ഒരു ക്രിസ്ത്യാനിയുടെ വിശുദ്ധജീവിതത്തിൽ അവൻ നഷ്ടപ്പെടുത്താവുന്ന ശ്രേഷ്ഠമായ നൽവരങ്ങളിൽ ഒന്ന് ദൈവത്തിങ്കൽ നിന്നും ലഭിച്ചിട്ടുള്ള അവന്റെ നിർമ്മല മനഃസാക്ഷിയെ തള്ളികളയുക എന്നതാണ്. ഈ ലോകത്തിലെ സുഖസന്തോഷ സമാധാനങ്ങളേക്കാൾ സ്വർഗ്ഗീയങ്ങളായവ ആണ് ശ്രേഷ്ഠതരങ്ങളെന്ന് എണ്ണുന്നവനും അനുഭവിച്ചറിയുന്നവനും മാത്രമേ തന്റെ നിർമ്മല മനഃസ്സാക്ഷിയെ അശുദ്ധപ്പെടാതെ സൂക്ഷിക്കുകയുള്ളൂ. ഒരു വിശ്വാസി ഹൃദയത്തെ കുറ്റം വിധിക്കുന്ന സകലതിൽ നിന്നും ഒഴിഞ്ഞിരിക്കണം തീമോ1:19. തീമോത്തിയോസ്സിനോട് പൗലോസ് പറയുന്നത് വിശ്വാസവും നിർമ്മല മനഃസാക്ഷിയും ഉള്ളവനായി അവയെ അനുസരിച്ചു നല്ല യുദ്ധസേവ ചെയ്ക. ചിലർ നല്ല മനഃസാക്ഷി തള്ളിക്കളഞ്ഞിട്ടു അവരുടെ വിശ്വാസകപ്പൽ തകർന്നുപോയി. ഹൂമനയോസും, അലക്സാണ്ടറും ഇതിന് ഉദാഹരണമാണ്.

നിന്റെ നല്ല മനഃസാക്ഷി തള്ളിക്കളയത്തക്ക സന്ദർഭങ്ങൾ സാത്താൻ നിന്റെ മുമ്പിൽ അവതരിപ്പിക്കും. നീ ചെയ്തതു തെറ്റാണെന്ന് നിർമ്മല മനഃസാക്ഷി കുറ്റം വിധിക്കുമ്പോൾ ഒട്ടും താമസിയാതെ ആ കുറ്റം ഏറ്റുപറഞ്ഞ് പാപക്ഷമ പ്രാപിച്ച് തെറ്റിനെ ഉപേക്ഷിക്ക. അതു പിന്നീട് ആകട്ടെ എന്നു നീട്ടിക്കൊണ്ടുപോയാൽ ക്രമേണ അതു നിസാരമെന്നു തോന്നി തുടങ്ങും. അതിന്റെ ഫലം വിശ്വാസകപ്പൽ തകരുക എന്നതാണ്. തങ്ങളുടെ പരിശുദ്ധ മനഃസ്സാക്ഷിയെ കളങ്കം കൂടാതെ സൂക്ഷിക്കുന്നതിനുവേണ്ടി പലവിധ കഷ്ടനഷ്ടങ്ങൾ അനുഭവിച്ച് ഒടുവിൽ രക്തസാക്ഷിമരണം വരിച്ചുകടന്നുപോയ വിശ്വാസവീരന്മാരായ പിതാക്കന്മാരേ എപ്പോഴും ഓർക്കേണ്ടതാണ്.

“ദൈവശബ്ദം പ്രതിധ്വനിക്കുന്ന ഉള്ളറയാണ് മനഃസാക്ഷി. മനുഷ്യനിലുള്ള ഏറ്റവും യഥാർത്ഥമായ ദൈവസാന്നിദ്ധ്യമാണ് മനഃസാക്ഷി.




**Sharon Nancy Zachariah** received the Masters Degree in Social Works (MSW) from Flinders University, Adeelaida, Australia in September 2019. Sharon is the daughter of Sabu Zachariah and Silvy Zachariah St.Mary’s Knanaya Church, New Delhi and belongs to Plamthottam family, Chingavnam St.John’s Puthenpally.


ST.MARY'S.VOICE
EVENT'Z
VELIYANAD
PH:9400753781,9387613505
Chantham charthu,Mylanchi,choir
Ganamela,Fusion,Margamkali
Dance,Dj,Light&sound
Stage decoration,photography
Car,Catering,Barber,vadayamelam
Etc...

# ജീവിത നവീകരണത്തിന് ആഹ്വാനം നൽകുന്ന കൂദോശ് ഈത്തോയും, ഹൂദോസ് ഈത്തോയും

ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളി

വരി. സുറിയാനി സഭയുടെ ആരാധനാ ക്രമീകരണപ്രകാരം ഒരു സംവത്സരം ആരംഭിക്കുന്നത് കൂദോശ് ഈത്തോ ഞായറാഴ്ചയാണ്. ഇത് ഒക്ടോബർ 30, 31 ദിനങ്ങൾ ഞായറാഴ്ചകൾ ആണെങ്കിൽ അന്നോ, അങ്ങനെയല്ലെങ്കിൽ നവംബറിലെ ആദ്യ ഞായറാഴ്ചയിലുമാണ് ആചരിക്കുന്നത്. തുടർന്നുള്ള ഞായറാഴ്ച ഹൂദോസ് ഈത്തോ കൊണ്ടാടുന്നു. കൂദോശ് ഈത്തോയ്ക്ക് എട്ട് ആഴ്ചകൾ കഴിയുമ്പോൾ യൽദോ പെരുന്നാൾ ആഘോഷിക്കുന്നു.

കൂദോശ് ഈത്തോ എന്നതിന് സഭയുടെ വിശുദ്ധീകരണം എന്നാണർത്ഥം. എങ്കിൽ സഭയുടെ പ്രതിഷ്ഠ അഥവാ സമർപ്പണമാണ് ഹൂദോസ് ഈത്തോ. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമായ ഉയർപ്പ് യാഥാർത്ഥ്യമാക്കിയ യേശുവിന്റെ മനുഷ്യാവതാരം സ്മരിക്കുന്ന യൽദോ പെരുന്നാളിലേയ്ക്ക് വിശ്വാസ സമൂഹത്തെ ഒരുക്കുക എന്ന കർത്തവ്യം നിർവ്വഹിക്കുന്നതിനാൽ കൂദോശ് ഈത്തോയും ഹൂദോസ് ഈത്തോയും വിശ്വാസജീവിതത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. യഹൂദന്മാർ പ്രതിഷ്ഠാപെരുന്നാൾ അഥവാ ഹനുഖാപെരുന്നാൾ വർഷംതോറും ആചരിക്കുന്നുണ്ട്. ബി.സി. 168 ൽ അന്തിയോക്കസ് എഫിപാനിയോസ് എന്ന സിറിയൻ ഭരണാധികാരി യരുശലേം ദൈവാലയം അശുദ്ധമാക്കുകയും യഹൂദന്മാർക്ക് നിഷിദ്ധമായിരുന്ന പന്നിയെ ബലിയർപ്പിക്കുകയും, സീയൂസ് ദേവന്റെ പ്രതിമ ആരാധനയ്ക്കായി പ്രതിഷ്ഠിക്കുകയും ചെയ്തു. ഇതിനെതിരെ മറ്റാത്തിയാസും മക്കളും നടത്തിയ ഒളിപ്പോര് ബി.സി. 165 ൽ വിജയം കണ്ടു. മക്കാബിയരുടെ നേതൃത്വത്തിൽ അതേവർഷംതന്നെ ദേവാലയ പുനഃപ്രതിഷ്ഠ നടത്തി. ഇതിന്റെ സ്മരണയ്ക്കായി വർഷംതോറും അവർ ഹനൂഖാപെരുന്നാൾ ആചരിച്ചു. അതിലൂടെ അവർ അങ്ങനെതന്നെ പുനഃപ്രതിഷ്ഠ നടത്തിയെങ്കിൽ കൂദോശ് ഈത്തോയും ഹൂദോസ് ഈത്തോയും വിശുദ്ധീകരണത്തിലൂടെ നമ്മുടെ പുനഃപ്രതിഷ്ഠ ആഗ്രഹിക്കുന്നു.



കൂദോശ് ഈത്തോ, ഹൂദോസ് ഈത്തോ ആചരണങ്ങൾ വിശ്വാസികൾക്ക് വിശുദ്ധീകരണത്തിനുള്ള ആഹ്വാനമാണ് നൽകുന്നത്. ഇതിലൂടെ വിശുദ്ധരുടെ കൂട്ടായ്മയായ സഭാമക്കളുടെ ജീവിതത്തിൽ യാഥാർത്ഥ്യമാകേണ്ട വിശുദ്ധിയെ ഓർമ്മപ്പെടുത്തുകയാണ്. ഓരോരുത്തരും വിശുദ്ധിയിൽ വളരുക എന്നത് ദൈവത്തിന്റെ ആഗ്രഹമാണ്. പരിശുദ്ധ മാമോദീസായിലൂടെ വിശ്വാസികളുടെ കൂട്ടത്തിൽ അംഗമായി ക്രിസ്തുവിനെ ധരിച്ച്, ക്രിസ്തുവിൽ പുതുജനനം പ്രാപിച്ച്, ക്രിസ്തുവിന്റേതാക്കി മാറ്റപ്പെട്ടവർ, ലോക മോഹങ്ങൾക്ക് അടിമപ്പെട്ട്, അതിൽ നിന്നും വേർപെട്ട് ജീവിക്കുന്നതിൽ നിന്നും, ദൈവീകകൂട്ടായ്മയിലേക്ക് തിരികെ എത്തുക എന്നത്രേ കൂദോശ് ഈത്തോ, ഹൂദോസ് ഈത്തോ ആചരണങ്ങൾ നമുക്ക് നൽകുന്ന ആഹ്വാനം. വിശ്വാസികൾ വിശുദ്ധിയിൽ വളരുമ്പോൾ ദൈവിക വിശുദ്ധിയിൽ എത്തിച്ചേരുകയാണ്. പരിശുദ്ധ സഭയിൽ വിശുദ്ധ കുമ്പസാരത്തിലൂടെ തെറ്റുകൾ ഏറ്റുപറഞ്ഞ് അവയെ ഉപേക്ഷിക്കുന്നതിലൂടെ വിശുദ്ധിയെ തിരികെ ലഭിക്കുവാനും, വിശുദ്ധ കുർബ്ബാന അനുഭവത്തിലൂടെ, വിശുദ്ധിയിൽ വളരുവാനും നമുക്ക് സാധിക്കുന്നു. ആരാധന സംവത്സരത്തിന്റെ തുടക്കം തന്നെ വിശ്വാസികൾ വിശുദ്ധിയുടെ നിറവുള്ളവരായിത്തീരാനുള്ള ആഹ്വാനത്തെ നമുക്ക് ശ്രവിക്കാം. 'വിശുദ്ധിയിലൂടെ വിശ്വാസികളുടെ പുനഃപ്രതിഷ്ഠ യാഥാർത്ഥ്യമാക്കി ദൈവസന്നിധിയിലുള്ള സമർപ്പണമാണ്' ഈ ദിനങ്ങൾ നൽകുന്ന മറ്റൊരു ആഹ്വാനം. സമർപ്പണം എന്നത് ദൈവത്തിന്റെ സർവ്വാധിപത്യം അംഗീകരിച്ച് ദൈവമുമ്പാകെയുള്ള അടിമപ്പെടലാണ് സൂചിപ്പിക്കുന്നത്. നമ്മിലുള്ള ദൈവനിയോഗത്തെ തിരിച്ചറിഞ്ഞ് അത് നിവൃത്തിക്കുന്നതിനും, ദൈവീക ആലോചന നമ്മിലൂടെ നിറവേറ്റുന്നതിനുമുള്ള സന്നദ്ധതയാണ്. പുനഃപ്രതിഷ്ഠ യാഥാർത്ഥ്യമാക്കിത്തീർക്കേണ്ടത് നാം തുടരുന്ന പാതയെ തിരിഞ്ഞുനോക്കി നമ്മുടെ കുറവുകളെ കണ്ടെത്തി, രൂപാന്തരത്തിന്റെ അനുഭവം പ്രാപിക്കുന്നതിലൂടെയാണ്. ഓരോ ആരാധനയിലും, പെരുന്നാളിലും, വിശേഷദിനങ്ങളിലും മാത്രമല്ല എല്ലാ സമയത്തും നമ്മെത്തന്നെ ദൈവസന്നിധിയിൽ പ്രതിഷ്ഠിക്കുവാനും, സമർപ്പിക്കുവാനും ഇടയാകണം. അപ്പോൾ നമ്മുടെ ആലോചനയോ, തീരുമാനങ്ങളോ അനുസരിച്ചല്ല ദൈവീകതീരുമാനങ്ങൾ അനുസരിച്ച് ജീവിക്കാനുള്ള സന്നദ്ധതയാണ് നമുക്കുണ്ടാകേണ്ടത്.

ഈ ദിനങ്ങൾ നമുക്ക് നൽകുന്ന മൂന്നാമത്തെ ആഹ്വാനം

'ലോകത്തെ വിശുദ്ധിയിലേക്ക് നയിക്കുക' എന്നതാണ്. ദൈവീകവിശുദ്ധിയിൽ നിറയപ്പെട്ട വിശ്വാസികളുടെ നിയോഗമാണ് ദുഷ്ടതയിൽ നിന്നും, അശുദ്ധിയിൽ നിന്നും ലോകത്തെ വിശുദ്ധിയിലേക്ക് നയിക്കുക എന്ന്. വിശ്വാസികളായ നാം എവിടെ ആയിരിക്കുന്നു എന്നതല്ല ഇവിടെ ചിന്തനീയം, എങ്ങനെ നമുക്ക് ഫലം കായിക്കാം എന്നതാണ്. നാമാകുന്ന ഓരോ വിശ്വാസിയും ലോകത്തിന്റെ വിശുദ്ധീകരണത്തിനായി വിളിക്കപ്പെട്ടവരാണെന്ന് സഭ നമ്മെ ഉദ്ബോധിപ്പിക്കുന്നു. കൂരിരുട്ടിൽ മിന്നാമിനുങ്ങ് എന്ന സൂക്ഷ്മജീവിയുടെ ചെറിയ വെളിച്ചം പ്രകാശത്തിന്റെ കണിക സമ്മാനിക്കുന്നു. മിന്നാമിനുങ്ങുകളുടെ കൂട്ടമാകുമ്പോൾ അന്ധകാരത്തെ മറികടന്ന് പ്രകാശവലയം സൃഷ്ടിക്കപ്പെടുന്നതുപോലെ, ലോകത്തിന്റെ വിശുദ്ധീകരണമാകുന്ന ലക്ഷ്യം നാമോരോരുത്തരും ഏറ്റെടുക്കേണ്ടതുണ്ട്.

സഭയുടെ ആരാധനാവത്സരത്തിന്റെ പ്രഥമ ദിനങ്ങളായ കൂദോശ് ഈത്തോയും, ഹൂദോസ് ഈത്തോയും വിശ്വാസജീവിതത്തിൽ വിശുദ്ധിയിലേക്കുള്ള മടക്കയാത്രയിലൂടെ ദൈവസന്നിധിയിൽ സമർപ്പണം നടത്തി, പുനഃപ്രതിഷ്ഠിച്ച്, ഉത്തമ ക്രിസ്ത്യാനികളായിത്തീരാനുള്ള ആഹ്വാനം നൽകുമ്പോൾ, നമുക്ക് ലഭിച്ച കൃപ മറ്റുള്ളവർക്കും നൽകുവാൻ നാം ബാധ്യസ്ഥരാണ്. ലോകത്തിന്റെ വിശുദ്ധീകരണത്തിനായി വിളിക്കപ്പെട്ട നാം ഓരോരുത്തരും, ആയിരിക്കുന്ന അവസ്ഥയെക്കുറിച്ച് വിചിന്തനം നടത്തി ജീവിതത്തിൽ ആവശ്യമായ രൂപാന്തരം യാഥാർത്ഥ്യമാക്കി ആയിരിക്കേണ്ട അവസ്ഥയിലെത്തുക മാത്രമല്ല നാം ആയിരിക്കുന്ന ലോകത്തിന്റെ രൂപാന്തരമെന്ന നിയോഗം ഏറ്റെടുത്ത്, നമ്മുടെ ഈ ചെറിയ ജീവിതത്തിലൂടെ അതിനായി പ്രവർത്തിക്കുവാൻ സന്നദ്ധരാകാം.

●

## വിവാഹ ഒരുക്ക സെമിനാർ

2019 ഡിസംബർ മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 12, 13, 14 തീയതികളിൽ ക്ലീമീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പുതന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലി ഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാറിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

**Fr. Dr. James Jacob Thodathil**
(Director)
Ph: 9447456204
**Fr. Jiji Punnoose Puthenpurackal**
(Secretary) Ph: 9447119918

പ്രിയരെ,

ക്നാനായദീപം പ്രിന്റു ചെയ്യുന്ന ദൈനംദിന ചിലവുകൾ വർദ്ധിക്കുന്നതിനാൽ 2020 ജനുവരി ഒന്നുമുതൽ ക്നാനായ ദീപത്തിന്റെ വരിസംഖ്യയും, പരസ്യചാർജുകളും ചെറിയതോതിൽ വർദ്ധിപ്പിക്കുകയാണ്. പുതുക്കിയ പരസ്യനിരക്കുകൾ ചുവടെ ചേർക്കുന്നു.

### ക്നാനായദീപം വരിസംഖ്യ

| | |
|---|---|
| ഒരുവർഷം | Rs. 150/- |
| പത്തുവർഷം | Rs. 1500/ |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | Rs. 3000/ |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | Rs. 350/ |
| പേര് മാത്രം | Rs. 200/ |
| മാട്രിമോണിയൽ | Rs. 600/ |
| **ബ്ലായ്ക്ക് & വൈറ്റ്** | |
| ചരമം (ചെറിയ കോളം) | Rs. 850/ |
| കാൽപേജ് | Rs. 1700/ |
| അരപേജ് | Rs. 3500/ |
| ഫുൾപേജ് | Rs. 5000/ |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | Rs. 4000/ |
| അരപേജ് | Rs. 6500/ |
| ഫുൾപേജ് | Rs. 10000/ |
| കവർ ഇൻസൈഡ് | Rs. 12500/ |
| ബായ്ക്ക് കവർ | Rs. 15000/ |

**മാനേജിംഗ് എഡിറ്റർ**

### ക്നാനായ ദീപം അറിയിപ്പുകൾ


നമ്മുടെ പള്ളികളിലെ പൊതു വാർത്തകളും,ഫോട്ടോകളും മറ്റും ദീപത്തിൽ പ്രസിദ്ധീകരിക്കുവാൻ കൊണ്ടുവരുമ്പോൾ ഇടവക വികാരിയുടെ ഒപ്പോടുകൂടി ലഭിക്കുന്നതു മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. വരിസംഖ്യകളും പരസ്യ ചാർജുകളും ഓൺലൈനായും അടയ്ക്കാവുന്നതാണ്.

**Acc. No. 57004254154**
Knanaya Deepam,
IFSC SBI N 0070128,
SBI, Chingavanam

# ക്രൂശിലെ ഏഴുമൊഴികൾ

**ജേക്കബ് ജോസ് മണിമലേത്ത്**

സർവ്വശക്തനായ ദൈവം സ്ഥലകാലങ്ങളിലൊതുങ്ങി മനുഷ്യനായിത്തീർന്നത് പ്രപഞ്ചത്തിലെ ഏറ്റവും വലിയ അത്ഭുതമത്രേ. അമർത്ത്യനായ ദൈവം സ്വയംമരണം വരിച്ചത്, അതും ഏറ്റവും ഹീനമായ ക്രൂശുമരണം വരിച്ചത്, മാനുഷിക ബുദ്ധിക്കതീതമാണ്. പാപികളും അഭക്തരും, ബലഹീനരും, ശത്രുക്കളുമായ (റോമ.5:6,8,10) മനുഷ്യരെ ദൈവം നിത്യസ്നേഹം കൊണ്ടു സ്നേഹിച്ചതാണ് നാം കാൽവരിക്രൂശിൽ കാണുന്നത്.



ക്രൂസ് (Cruz) എന്ന പോർച്ചുഗീസ് പദത്തിന്റെ തത്ഭവമാണ് ക്രൂശ് അഥവാ കുരിശ്. ഇംഗ്ലീഷിലെ ക്രോസ് (Cross), ലത്തീനിലെ ക്രൂക്സ് (Crux) ൽ നിന്നു വന്നതാണ്. ഫിനീഷ്യയിലാണ് ക്രൂശീകരണത്തിന്റെ ആരംഭം. ക്രൂശുകൾ വിവിധ തരത്തിലുണ്ട്. അവയിൽ പ്രധാനപ്പെട്ടവ നാലാണ്. (1) സാധാരണ ക്രൂശ് I; (2) വി. അന്ത്രെയാസിന്റെ ക്രൂശ് X; (3) വി. അന്തോണിയായുടെ ക്രൂശ് T; (4) ലത്തീൻ ക്രൂശ് ✚. ഇവയിൽ ഒടുവിലത്തേതിലാണ് യേശുവിനെ ക്രൂശിച്ചത്.

''ഗുൽഗോല്ഥാ'' എന്ന ആരാമ്യപദത്തിന്റെ അർത്ഥം "തലയോട്". സ്വർഗ്ഗീയമഹിമയിൽ പിതാവാം ദൈവത്തിന്റെ മടിയിലിരുന്ന് ഏകജാതനായ ദൈവപുത്രൻ, പാപത്തിൽ വീണ മനുഷ്യവർഗ്ഗത്തിനു വേണ്ടി ശാപകരമായ ക്രൂശ് മരണം വരിക്കാൻ ഏഴുപടികൾ താണിറങ്ങി വന്നു. ദൈവപുത്രൻ, 1. ദൈവരൂപത്തിൽ ഇരിക്കെ, 2. ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ, 3. തന്നെത്താൻ ഒഴിച്ചു, 4. ദാസരൂപം എടുത്തു, 5. വേഷത്തിൽ മനുഷ്യനായി വിളങ്ങി, 6. മരണത്തോളം തന്നെത്താൻ താഴ്ത്തി, 7. ക്രൂശിലെ മരണത്തോളം അനുസരണം ഉള്ളവനായിത്തീർന്നു (ഫിലി. 2:6-8). മരണത്തോളം, ഹീനമായ ക്രൂശുമരണത്തോളം തന്നെ സ്വയം താഴ്ത്തിയ ക്രിസ്തു ക്രൂശിലെ മരണത്തിൽ, തന്റെ താഴ്മയുടെ ഏറ്റവും താണപടിയിൽ വച്ചാണ്, നിരുപമ സ്നേഹത്തിന്റെ നിത്യനിദർശനമായ സപ്തപദങ്ങളും പ്രസ്താവിച്ചത്.

ഏഴുമൊഴികളിൽ ആദ്യത്തെ മൂന്നെണ്ണം മനുഷ്യരെ ബന്ധപ്പെടുത്തിയുള്ളവയാണ്. തന്നെ ക്രൂശിച്ച മനുഷ്യർക്കു വേണ്ടി, മനുഷ്യ വർഗ്ഗത്തിനുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയാണ് ആദ്യം ചെയ്തത്. തുടർന്ന് തന്നോടൊപ്പം ക്രൂശിക്കപ്പെട്ട ദുഷ്പ്രവൃത്തിക്കാരന് "ഇന്നു നീ എന്നോടുകൂടെ പറുദീസായിൽ ഇരിക്കും" എന്ന വാഗ്ദത്തം നല്കി സമീപത്തുനിന്ന ശിഷ്യനോടു മാതാവിന്റെ സംരക്ഷണത്തെക്കുറിച്ചു സംസാരിച്ചു. ചുറ്റും കൂടിനിന്ന പുരുഷാരത്തിന്റെ മുമ്പിൽ തന്റെ അവസ്ഥ "എനിക്കു ദാഹിക്കുന്നു" എന്നു വ്യക്തമാക്കി. ക്രിസ്തുവിന്റെ മൂന്നു ഭാഷണങ്ങൾ പിതാവാം ദൈവത്തോടായിരുന്നു. ഒടുവിലായി പിതാവിന്റെ കരങ്ങളിൽ തന്റെ ആത്മാവിനെ ഭരമേല്പിച്ചു. "നിവൃത്തിയായി" എന്നു വിജയശ്രീലാളിതനായി ക്രിസ്തു തന്റെ ജഢധാരണ ലക്ഷ്യത്തിന്റെ പൂർത്തീകരണം ഉച്ചൈസ്തരം ഉദ്ഘോഷിച്ചു.

1. "പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്ക കൊണ്ട് ഇവരോടു ക്ഷമിക്കണമെ'' (ലൂക്കോ. 23:34). ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ അധരങ്ങളിൽ നിന്നു അടർന്നു വീണ ഏഴുമൊഴികളിൽ ആദ്യത്തേതും അവസാനത്തേതും പ്രാർത്ഥനകളാണ്. ഇതിന്റെ പ്രവചന നിവർത്തി യെശയ്യാവ് 53:12 ൽ കാണുന്നു. "അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കു വേണ്ടി ഇടനിന്നും കൊണ്ടു അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നെ"

2. യേശു ദുഷ്പ്രവർത്തിക്കാരനോടു ''ഇന്നു നീ എന്നോടുകൂടെ പറുദീസായിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു'' (ലൂക്കോ. 23:43). യേശുവേ അങ്ങ് രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ'' എന്നു തന്നോടൊപ്പം ക്രൂശിക്കപ്പെട്ട ദുഷ്പ്രവൃത്തിക്കാരൻ അപേക്ഷിച്ചപ്പോഴാണ്

കരുണാമൂർത്തിയായ കർത്താവ് തന്റെ രണ്ടാമത്തെ മൊഴി പ്രസ്താവിച്ചത്. യേശു അവനോടു “ഇന്നു നീ എന്നോടു കൂടെ പറുദീസായിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു” എന്നു പറഞ്ഞു. അനുതപിച്ചപ്പോൾ ദൈവത്തിന്റെ കൃപാമഹത്വം വെളിപ്പെട്ടു. രക്ഷ പൂർണ്ണമായും കൃപയാലാണ് (എഫെ.2:8-9). മാനസാന്തരപ്പെടുന്ന വ്യക്തിക്കു രക്ഷനൽകുവാൻ കർത്താവ് അമാന്തിക്കുന്നില്ല. തിരുസാന്നിദ്ധ്യം എപ്പോഴും കൂടെ ഉണ്ട്.

3. സ്ത്രീയേ ഇതാ നിന്റെ മകൻ” (യോഹ. 19:26-27) മനുഷ്യനെ അലട്ടുന്ന ഏറ്റവും വലിയ ഭയമാണ് മരണഭയം. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള അജ്ഞതയും നമ്മുടെ വേർപാടിൽ ബന്ധുക്കൾക്കു എന്തു സംഭവിക്കും എന്നുള്ള വ്യാകുലചിന്തയുമാണ് അതിനു പ്രധാന കാരണം. മരണ സമയത്തും മാതാവിനെ ബഹുമാനിക്കുന്ന മകൻ. യേശുവിന്റെ അമ്മയുടെ സംരക്ഷണം യോഹന്നാനു ലഭിച്ച ഭാഗ്യകരമായ പദവി ആണ്. ക്രൂശിന്റെ ചുവട്ടിൽ ഒരു വ്യക്തി വരുമ്പോൾ അവന് ഉത്തരവാദിത്വം ലഭിക്കുകയാണ്. തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ (ഗലാ.6:2) ബലഹീനരെ താങ്ങേണ്ടത് വിശ്വാസികളുടെ കർത്തവ്യമാകുന്നു. (1.തെസ്സ.5:14, അപ്പോ.20:35). ക്രൂശിന്റെ ചുവട്ടിലാണ് നമുക്കീ ഉത്തരവാദിത്വങ്ങൾ ലഭിക്കുന്നത്. കാരണം മാനുഷിക ബന്ധങ്ങൾക്ക് അതീതമാണ് ആത്മീയ ബന്ധം.

4. എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്? (മർക്കോ.15:34) പ്രകൃതി തത്വങ്ങൾക്കു വിധേയമാകാത്ത അന്ധകാരം മൂന്നു മണിക്കൂർ (12.00 പി.എം-3.00 പി.എം.), പുറപ്പാടിനു മുമ്പ് മിസ്രയീമിൽ പതിച്ച പത്തു ബാധകളിൽ ഒമ്പതാമത്തേതു കൂരിരുട്ടായിരുന്നു. ഈ അന്ധതമസ്സ് വെറും പ്രകൃതിയുടെ പ്രതിഷേധമല്ല; പ്രത്യുത പാപത്തിന്റെ നേർക്കുള്ള ഈ ദൈവത്തിന്റെ ന്യായവിധിയാണ്. ദൈവം വെളിച്ചം ആകുന്നു അവനിൽ ഇരുട്ട് ഒട്ടും ഇല്ല (1 യോഹ.1:5).

5. “എനിക്ക് ദാഹിക്കുന്നു” (യോഹ.19:28). യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ ക്രിസ്തുവിന്റെ ഈ മൊഴി രേഖപ്പെടുത്തിയിട്ടുള്ളൂ. തിരുവെഴുത്തു നിവൃത്തിയാകുംവണ്ണമാണ് എനിക്കു ദാഹിക്കുന്നു എന്നു ക്രിസ്തു പ്രസ്താവിച്ചത് (യോഹ. 19:28). ബേർശേബ മരുഭൂമിയിൽ ഉഴന്നു നടന്ന ഹാഗാർ തുരുത്തിലെ വെള്ളം തീർന്നശേഷം കുട്ടിയുടെ മരണം എനിക്കു കാണേണ്ട എന്നു പറഞ്ഞു ഉറക്കെ കരയുന്ന രംഗം ഉല്പ.21:14-19 ൽ കാണുന്നു. എന്റെ നാവ് അണ്ണാക്കോടു പറ്റിയിരിക്കുന്നു (സങ്കീ.22:15) എന്റെ തൊണ്ട ഉണങ്ങിയിരിക്കുന്നു (സങ്കീ.69:3). കർത്താവ് ഇന്ന് ആഹ്വാനം ചെയ്യുകയാണ്. “ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ” (യോഹ.7:37-38). ജീവജലത്തിന്റെ ഉറവയായ ക്രിസ്തുവിന്റെ അടുക്കലേയ്ക്ക് വരൂ; അവനിൽ വിശ്വസിക്കൂ; ഇനി ഒരു നാളും നിങ്ങൾക്കു ദാഹിക്കുകയില്ല.

6. “നിവൃത്തിയായി” (യോഹ.19:30). കർത്താവായ യേശുക്രിസ്തു ക്രൂശിൽ വച്ചു തന്റെ ദൗത്യനിർവ്വഹണം ഒറ്റവാക്കിൽ പ്രഖ്യാപിച്ചു. യേശുവിന്റെ പ്രാർത്ഥനയിൽ ഈ വിധം പ്രാർത്ഥിച്ചു. “ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി. നീ എനിക്കു ചെയ് വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു” (യോഹ.17:4) തന്റെ പ്രായശ്ചിത്ത ബലിയെക്കുറിച്ചുള്ള തിരുവെഴുത്തുകളെയാണ് ക്രിസ്തു പരാമർശിച്ചത്. എന്നാൽ അവയിൽ ചിലത് ഇനിയും അവശേഷിക്കുന്നുണ്ട്. പിതാവിന്റെ കരങ്ങളിൽ തന്റെ ആത്മാവിനെ ഭരമേല്പിക്കുന്നതും (സങ്കീ.31:5) കുന്തത്താൽ കുത്തി തുളയ്ക്കപ്പെടുന്നതും (സെഖ.2:10) അസ്ഥികളിൽ ഒന്നും ഒടിഞ്ഞുപോകാതെ സൂക്ഷിക്കുന്നതും (സങ്കീ.34:20) സമ്പന്നന്റെ ശവക്കുഴിയിൽ അടക്കപ്പെടുന്നതും (യെശ.53:9) എല്ലാം ഇനി നിറവേറാനിരിക്കുന്നതേയുള്ളൂ. തന്റെ പ്രായശ്ചിത്ത ബലി പൂർത്തിയായി എന്നു പറഞ്ഞത് വീണ്ടെടുപ്പിന് ആധാരമായിരിക്കുന്ന മരണം മുൻകണ്ടുകൊണ്ടാണ് ക്രിസ്തു നിവൃത്തിയായി എന്നു പറഞ്ഞത്. യാഗാർപ്പണത്തിനു മൂന്നു കാര്യങ്ങൾ ആവശ്യമാണ്. (1) അർപ്പണവസ്തു, (2) അർപ്പിക്കുന്ന വ്യക്തി, (3) മദ്ധ്യസ്ഥർ അഥവാ പുരോഹിതൻ. ഇവ മൂന്നും കർത്താവായ യേശുക്രിസ്തുവിൽ നിറവേറി. ക്രിസ്തുതന്നെ ഇവ മൂന്നും ആയിത്തീർന്നു.

7. “പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു” (ലൂക്കോ.23:46). പൂർണ്ണതയുടെ സംഖ്യയാണ് ഏഴ്. ക്രിസ്തു ക്രൂശിൽ വെച്ചു ഉച്ചരിച്ച ഏഴാം മൊഴി രക്ഷയുടെ ഭദ്രതയെ കാണിക്കുന്നു. ”പിതാവിന്റെ കൈയ്യിൽ നിന്നു പിടിച്ചു പറിപ്പാൻ ആർക്കും കഴികയില്ല” (യോഹ.10:29) നാം കാക്കപ്പെടുന്നത് ദൈവശക്തിയാലാണ്. “ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും, ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായി തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു” (1 പത്രോ.1:4-5). ഏറെ താമസിയാതെ സർവ്വഭൂമിയേയും ഇരുമ്പുകോൽ കൊണ്ടു ഭരിക്കുവാൻ യേശുക്രിസ്തു മടങ്ങിവരും. “ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ട് വരുവാൻ ഉള്ളവൻ വരും; താമസിക്കുകയും ഇല്ല” (എബ്രാ.10:37). “ഇതാ ക്രിസ്തുയേശു മേഘാരൂഢനായി വരുന്നു. ഏതു കണ്ണും, അവിടുത്തെ കുത്തി തുളച്ചവരും കർത്താവിനെ കാണും” (വെളി.1:6-7).

**NAZARETH ASRAMAM, OTHERA**
**24.09.2019 to 24.10.2019**

**Donations**

Moncy Alummottil Kuttoor 2000/-

**Feast**

P.V.Samkutty Sam cottage Thumpamon
Moncy Alummottil Kuttoor
Stephen Abraham Mangalathu Eraviperoor

Fr.Mathew Uthuppan Cherukarethu
Secretary/Director





# മലർവാടിക്കൂട്ടം

വണ്ട് ഒരു മുക്കുവൻ ഉണ്ടായിരുന്നു. മീൻ പിടിക്കാൻ പോയാൽ അയാളുടെ മുഖ്യവിനോദം ഓടക്കുഴൽ വായന യാണ്. ഒരു ദിവസം അയാൾ നദിക്കരികിലിരുന്ന് അതിമനോ ഹരമായ രാഗത്തിൽ ഓടക്കുഴൽ വായിക്കുകയായിരുന്നു. മത്സ്യകന്യകകൾ അതിൽ അകൃഷ്ടരാകുമെന്നും മതിമറന്ന് അവരെല്ലാം കരയിലേക്ക് ചാടി നൃത്തം വെയ്ക്കുമെന്നും അയാൾ പ്രതീക്ഷിച്ചു.

പക്ഷെ ഒന്നും സംഭവിച്ചില്ല. അയാൾക്ക് ദേഷ്യം തോന്നി. അരികിലുണ്ടായിരുന്ന വലയെടുത്ത് അയാൾ നദിയിലേ ക്കെറിഞ്ഞു. താമസിയാതെ വലിച്ച് കരയിലേക്ക് കയറ്റുകയും ചെയ്തു. വല നിറയെ മത്സ്യങ്ങൾ ഉണ്ടായിരുന്നു. അവ വല ക്കുള്ളിൽ കിടന്ന് നൃത്തം വെച്ചു തുടങ്ങി. അതു കണ്ട മുക്കു വൻ ശുണ്ഠിയോടെ പറഞ്ഞു.



മതി. ഞാൻ ഓടക്കുഴൽ വായിച്ചപ്പോൾ ഈ ഡാൻസ് എവിടെ ആയിരുന്നു? പാട്ടിന് ഇണങ്ങിയ നൃത്തമാണെങ്കിലേ ആസ്വദിക്കാനും അഭിനന്ദിക്കാനും കഴിയൂ. ഇനി എനിക്ക് ഒന്നും കാണണ്ട. അയാൾ മത്സ്യങ്ങളെ വലയിൽനിന്ന് പെറുക്കിയെടുത്തു കുട്ടയിൽ ഇട്ടതിനുശേഷം സ്ഥലം വിട്ടു.

സ്ഥല കാലങ്ങൾ നോക്കി ഔചിത്യത്തോടെ പ്രവർത്തി ക്കുവാൻ കഴിയുക എന്നത് ഒരു വലിയ കലയാണ്.

സസ്നേഹം

**കൊച്ചേട്ടൻ**



## ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

**പാഠഭാഗം യെശയ്യ 35 to 66**
**മത്തായി. 15 to 28**

1. ഏതു സമയംവരെ ദൈവം തന്റെ ഭക്തന്മാരെ ചുമക്കുന്നു?
2. ദുഷ്ടന്മാർക്ക് ഇല്ലാത്ത ഒരു അനുഭവം എന്ത്?
3. യേശുക്രിസ്തുവിന്റെ വരവിന്റെ നാളും, നാഴികയും അറിയുന്നതാര്?
4. ഞാൻ ഇടയനെ വെട്ടും; ആടുകൾ ചിതറിപ്പോകും എന്ന് പ്രവചിച്ചു പറഞ്ഞതാര്?
5. യേശുവിനെ ക്രൂശിക്കുമ്പോൾ ഉണ്ടായിരുന്ന നാടുവഴി ആരായിരുന്നു?
6. യേശുക്രിസ്തുവിനെ 'ചതിയൻ' എന്നു പറഞ്ഞവരാരെല്ലാം?
7. ആണയിട്ട ഒരു ശിഷ്യൻ ആരാകുന്നു?
8. ആരുടെ കാലംപോലെയാണ് മനുഷ്യ പുത്രന്റെ വരവ്?
9. കുഷ്ഠരോഗിയായിരുന്ന ശീമോന്റെ ഭവനം എവിടെയായിരുന്നു?
10. യഹോവയുടെ നടുതല എന്ന പേരിൽ അറിയപ്പെടുന്നതാര്?


**ഒക്ടോബർ മാസത്തിലെ ഉത്തരങ്ങൾ**

1. ഒലിവുമലയിൽവച്ച് (മത്താ. 24:3)
2. യെശയ്യാവ് (66:24)
3. മെനി (യെശ.65:11)
4. വെള്ളിക്കോൽ (യെശ.40:11)
5. കോരെശ് രാജാവ് (യെശ.44:28)
6. കലനുറുക്ക് (യെശ.45:9)
7. യേശുക്രിസ്തുവിനെക്കുറിച്ച് (യെശ.52:114)
8. ഗൊൽഗോഥാ (മത്താ.27:33)
9. മത്തായി. 27:59.
10. മൂന്നു പ്രാവശ്യം (മത്താ.26:44)

## സത്യവിശ്വാസ സംരക്ഷണത്തിനായുള്ള "മനുഷ്യചങ്ങലയ്ക്ക്"
# ക്നാനായ സമൂഹത്തിന്റെ ഐക്യദാർഢ്യം




ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലൂകുളം, സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം, ക്നാനായ കോൺഗ്രസ് ട്രഷറർ ടി.സി. അനീഷ്, ജനറൽ സെക്രട്ടറി റോയി ചാക്കോ. ക്നാനായ കമ്മിറ്റി അംഗങ്ങളായ സാബു കണ്ണാടിപ്പുഴ, വില്ലി വടാമറ്റം, ചിങ്ങവനം ശാലേം പള്ളി വികാരി ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, ബിബിൻ കല്ലംപറമ്പിൽ. മജേഷ് മഴുക്കീറ്റാട, സുമിത്ത് മാക്കോന്തറ, അനീഷ് കയ്യത്ര എന്നിവർ നേതൃത്വം കൊടുത്തു.




Achadipura Homestay is an exclusive heritage home. Situated just 1.5 kms from Chingavanam junction, the stay contains 3 delightfully furnished bed rooms with attached bath and AC and a seperate kitchen.
It is ideal for wedding stays, family get toghether, birthdays, long or short stays.
Prior booking is required,
Please contact George Ninan at 9822123001 or 9970445066




## 40–ാം ചരമദിനം

23–11–2019



**കുഞ്ഞമ്മ ജോസഫ്**

പനച്ചയിൽ

അഴിയിടച്ചുചിറ, തിരുവല്ല

## 40–ാം ചരമദിനം

07–12–2019



**കെ.റ്റി. തോമസ്**

കുന്നിരിയ്ക്കൽ, റാന്നി



## 3 –ാം ചരമവാർഷികം

14 – 11 – 2019

# അമ്മിണി

## (ശോശാമ്മ കുര്യൻ)

മംഗലവീട്ടിൽ

ഐത്തല

റാന്നി

"നിത്യതയുടെ തീരത്തു വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 27 –ാം ചരമ വാർഷികം

12 – 11 – 2019

## 10 –ാം ചരമവാർഷികം

04 – 11 – 2019





**വി.സി. സ്കറിയ**

(Rtd. A.E)

**എ. സി ചിന്നമ്മ**

(Rtd. Teacher)


വൈക്കത്തുശ്ശേരിൽ, കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

## 1 –ാം ചരമ വാർഷികം

26 – 11 – 2019



**പി. എം. കുറിയാക്കോസ്** (തങ്കച്ചൻ)

പാലന്തറ, നെല്ലിക്കമൺ, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 40 – ാം ചരമദിനം

**19 – 11 – 2019**



### ഒ. യു. ഉലഹന്നാൻ (75)

**മോളേൽ (ഒലിയപ്പുറത്ത്), രാമമംഗലം**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 40 – ാം ചരമദിനം

**07 – 11 – 2019**



### കെ. ഐ. ചാക്കോ (കുട്ടപ്പായി ഉപദേശി)

**സീനിയർ സുവിശേഷകൻ ക്നാനായ അതിഭദ്രാസനം**

**കൊന്നയിൽ പള്ളത്ത്, കല്ലിശ്ശേരി**

താതൻ പേർക്കായ് സേവ ചെയ്തതാൽ
താതനെന്നെ മാനിക്കുവാനായി
തരുമോരോരോ ബഹുമാനങ്ങൾ
വിളങ്ങിടും കിരീടങ്ങളായ്

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 1st Death Anniversary

**27- 11-2019**



### Joy Skaria

## 40 – ാം ചരമദിനം

**16- 11-2019**



### Skaria Zacharia (Monichan)

**കളക്കാട്ടായ കൊച്ചിടശ്ശേരിൽ, കുറിച്ചി**

ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

# With Loving Memories


## 1st Death Anniversary

**12-11-2019**



## SOSAMMA JACOB
## (SANTHAMMA)

**Kannadipuzha, Irimpanam,**
**Ernakulam**
**(Thengeli, Thiruvalla)**



ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെടാൻ എങ്ങനെ ജീവിക്കണം എന്ന് മാതൃക കാണിച്ചു അടുത്ത തലമുറക്ക് വേണ്ടി അത് സ്വന്തം കൈപ്പടയിൽ എഴുതിവെച്ച എന്റെ പ്രിയ പത്നി നിത്യജീവിതത്തിൽ പ്രവേശിച്ചിട്ട് ഇന്ന് ഒരു വർഷം തികയുന്നു.



സ്നേഹപൂർവ്വം
ഭർത്താവ് ജയിക്കോച്ചൻ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

## 40 – ാം ചരമദിനം

28 – 10 – 2019



# ചാച്ചിക്കുട്ടി മാത്യു

**കരിക്കാററ വീട്, തുരുത്തിക്കാട്**

Lots of love and prayers

Ryan Mobin, Nysa Mobin, Mikhael Tobin

Sorrowing Family

Advt -O

---

## 1st Death Anniversary

19 – 11 – 2019



## 17 – ാം ചരമവാർഷികം

14 – 12 – 2019



**Jacob Thomas**

**(Tommy)**

**Ponnamma Chacko**

**Muzhiparambil**

**Ramamangalam**

Dad, your guiding hand on our shoulder will remain with us forever

Wife, Children, Grand Children

Advt -

---

## 1 – ാം ചരമ വാർഷികം

13 – 10 – 2019



# P. T. KURIAKOSE

**Punnusseril House**

**Puthusserimala, Ranny**

"നിന്റെ മഹത്വമുദിക്കും നാൾ

നിൽക്കണമിവൻ വലഭാഗത്തിൽ "


*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

---

## 40th Day of Demise

11 – 11 – 2019



# Kuruvilla Abraham (Kunjumon)

**(Rtd. Havildar Assam Rifles)**

**Ackal Vadakke Malayil**

**Kuttoor**

By Sorrowing Family

Advt -O

## 2nd Birthday in Heaven

29-11-2019



## Shri. C. M. Kurian

**Kallolickal House**

**S. Puram P. O, Kurichy**

Jesus: I am the resurrection and the life who ever believes in me: though he die, yet shall he live and every who lives and believes in me shall never die. St. John 11:25

Dears and Nears

Advt -

## 40-ാം ചരമ ദിനം

23-09-2019



## M. S. CHACKO

**Kavanal (H), Chingavanam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ...

*ഭാര്യ - വത്സമ്മ ചാക്കോ*
*മക്കൾ - ഉഷ, ഷൈനി, നിഷി, ഷിജു*
*മരുമക്കൾ - കുഞ്ഞുമോൻ, അജി, റെജി, അൻസു*

Advt -



## 40th Day of Demise

15-11-2019

## ABRAHAM P. RAJU

**(RAJU PUTHUVEETTIL)**

**Puthuveettil Silk House**

**Ranni**

"We shall meet on that
beautiful shore"
We miss you daddy.

With Lots of love

Sicy Raju
Joe &Somol
Baiju &Leemol
Sheby & Raji

Grand Children
Rohan & Ashima, Thanisha, Mathew,
Alexia, Alex, Hizza, Zack.

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

# 40 – ാം ചരമ ദിനം

17 – 11 – 2019



## രാജു സക്കറിയ (64)

### എട്ടൊന്നിൽ, കുലശേഖരം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടു കൂടി ....

Family Members
Wife - Kunjumol Raju (Puthenparampil, Thiruvanvandoor)
Children - Renju R. Zacharia
Reju R. Zacharia
Sinju Texy

Son in Law - Texy Kannankeril, Mannar
Daughter in Law - Jency Renju Thayyil, Ennakkad
Chachu Reju, Cherumadakala, Kattode

Grand Children - Naysa, Riyan, Millana, Noha, Ron

## 4 – ാം ചരമവാർഷികം

**27 – 11 – 2019**



## കെ. എ. മാത്യു (ബാബു)

**കുറ്റിയിൽ പുത്തൻപുര, കല്ലിശ്ശേരി**

ഭാര്യ – ലളിത
മക്കൾ – എബിൻ, അലൻ,
മരുമക്കൾ – പ്രീതു, അൽക്ക
കൊച്ചുമകൻ – നാഥാൻ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

## 40 – ാം ചരമദിനം

**05 – 11 – 2019**



## മറിയാമ്മ ഇട്ടിയവിര

**വേലമ്മേപ്പുറത്ത്, റാന്നി, ഐത്തല**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -



## 1st Death Anniversary

**27-11-2019**

# M.P. KORAH

Mundukottackal
Ernakulam

28.01.1931 - 27.11.2018

" I AM THE RESURRECTION AND THE LIFE, WHOEVER BELIEVES IN ME WILL LIVE, EVEN THOUGH HE DIES."

JOHN 11:25

# വേർപാടിന്റെ ഒന്നാം വാർഷികം

08 – 11 – 2019



## കെ. ഒ. ഫിലിപ്പ്

കല്ലൂർ തുണ്ടിയിൽ, തൈമറവുംകര, കല്ലിശ്ശേരി

*എന്ന്,*
*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

2 – ാം
ചരമ വാർഷികം
24 – 09 – 2019

19 – ാം
ചരമ വാർഷികം
24 – 08 – 2019






## അന്നമ്മ ഏബ്രഹാം   കെ. ഒ. ഏബ്രഹാം

കുളപ്പള്ളിൽ, തെങ്ങേലി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -



# 40-ാം ചരമദിനം

(11-11-2019)

കുന്നുപറമ്പിൽ

## പി. പുന്നൂസ്

(സണ്ണിച്ചായൻ)

കുന്നുപറമ്പിൽ, കുറിച്ചി

(Founder of Jaffe International and
Andreas-Punnoose Publishing Company Pvt. Ltd.)

ഞങ്ങളെ സ്നേഹിച്ച് കൊതിതീരും മുൻപേ
ഞങ്ങളിൽനിന്ന് അകന്നുപോയ അപ്പച്ചനെ
നിത്യതയിൽ കാണാമെന്ന പ്രത്യാശയോടെ,

**കൊച്ചുമക്കൾ:**
ആൻഡ്രിയാസ്, പ്രസീല, അലിസൺ,
ക്രിസ്റ്റഫർ & കാതറിൻ

## 8 – ാം ചരമവാർഷികം

05 – 12 – 2019



# സി. എ. ചാണ്ടി (കുഞ്ഞുമോൻ)

## 40 – ാം ചരമദിനം

04 – 11 – 2019



# അമ്മിണി ചാണ്ടി (73)

**തുണ്ടിയിൽ (Holymary)**

**കുറ്റൂർ**

**"നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവർ വലഭാഗത്തിൽ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 1 – ാം ചരമവാർഷികം

12 – 11 – 2019



# അമ്മിണി ചാണ്ടി

**പുൽപറശ്ശേരിൽ, കുറ്റൂർ**

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ**
**തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 41 – ാം ചരമദിനം

17 – 11 – 2019



# P. P. KURIAN

**Palliambil, Thirukkad P. O**
**Malappuram**

**"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 4 – ാം ചരമവാർഷികം

17 – 11 – 2019



### കുര്യൻ കുറിയാക്കോസ് (ജോയിച്ചായൻ)

## 2 – ാം ചരമവാർഷികം

10 – 11 – 2019



### പെണ്ണമ്മ ഉണ്ണിട്ടൻ

കണ്ണൻകുഴയത്ത്, തോണിക്കടവ്, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -

## 1st Death Anniversary

13 – 11 – 2019



### Marykutty Kuriakose

**Aronnil, Ranny**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ "

Aronnil Family

Advt -

## 40 – ാം ചരമദിനം

29 – 11 – 2019



### സാറാമ്മ മാത്യു (കുഞ്ഞമ്മ)

**കടായിത്തറ, ചിങ്ങവനം**

നല്ല പോർ പൊരുതി, ഓട്ടം തികച്ചു വിശ്വാസം കാത്തു
നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

# അന്ത്യോഖ്യാ പാത്രിയർക്കീസ് മോർ സേവേറിയോസ്

എബി

മഹാനായ സഭാമേലദ്ധ്യക്ഷനും വേദശാസ്ത്ര പണ്ഡിതന്മാരിൽ അഗ്രഗണ്യനും മികവുറ്റ എഴുത്തുകാരനും പ്രഭാഷകനുമായിരുന്നു അന്ത്യോഖ്യാ പാത്രിയർക്കീസായ മോർ സേവേറിയോസ്. എ.ഡി. 451 ലെ കൽക്കദോന്യ സുന്നഹദോസിനു ശേഷം സഭയിലുണ്ടായ ഭിന്നിപ്പിനെ തന്റെ വാക്ചാതുരിയും സംഘടനാ പാടവവുംകൊണ്ട് സധൈര്യം നേരിട്ട വിശ്വാസ പോരാളിയാണ് സഭാപിതാവായ അദ്ദേഹം. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും എങ്ങനെ സംയോജിക്കപ്പെട്ടിരിക്കുന്നു എന്ന് സഭാ മക്കളെ ആ പിതാവ് വിശദമായി പഠിപ്പിച്ചു. അതുകൊണ്ടുതന്നെയാണ് ആ വന്ദ്യപിതാവിനെ എല്ലാ കുർബ്ബാനയിലും വിശ്വാസി സമൂഹം ഭക്ത്യാദരപൂർവ്വം സ്മരിക്കുന്നത്.



എ.ഡി. 459 ൽ പിസിദിയായിലെ സൂസോപോ ലീസിൽ സേവേറിയോസ് ജനിച്ചു. അദ്ദേഹത്തിന്റെ പിതാമഹൻ ആ കാലത്ത് ഒരു ദർശനം കണ്ടു. തന്റെ പൗത്രൻ ആത്മീയാചാര്യനായി വാഴുമെന്നും അവന് സേവേറിയോസ് എന്ന് പേരിടണമെന്നും ദർശനത്തിലൂടെ വെളിപ്പെട്ടു. അതിനുശേഷമാണ് സേവേറിയോസ് എന്ന നാമം സഭയിൽ പ്രതിഷ്ഠിതമായത്. സേവേറിയോസിന്റെ പിതാവ് സിറ്റിയിലെ 'സെനറ്റർ' ആയിരുന്നു. പിതാവിന്റെ ശിക്ഷണത്തിൽ വളർന്ന കുട്ടി ബാല്യത്തിൽ തന്നെ 'ബാലൻ നടക്കേണ്ടുന്ന വഴിയിലൂടെ' നടന്നു വളർന്നു. പിതാവിന്റെ മരണശേഷം എ.ഡി. 485 ൽ സേവേറിയോസ് ഈജിപ്റ്റിലെ അലക്സാന്ദ്രിയയിൽ പഠിക്കാൻ പോയി. അവിടെ ഗ്രീക്ക് ലത്തീൻ ഭാഷകളിലെ വ്യാകരണം, നിയമ സംഹിതകൾ, പ്രസംഗം എന്നിവ അഭ്യസിച്ചു. എ.ഡി. 486-ൽ ബെയ്റൂട്ടിലെ ലോസ്കൂളിൽ ചേർന്ന് നിയമവും തത്വശാസ്ത്രവും പഠിച്ചു. ഇതിനിടയിൽ മിത്തിലീ നിലെ സക്കറിയാസുമായി പരിചയത്തിലായി. അദ്ദേഹമാണ് സേവേറിയോസിനെ വായനയുടെ ലോകത്തേക്ക് കൈപിടിച്ചു നടത്തിയത്. മൊണാസ്ട്രിയിലെ താമസത്തിനിടയിൽ പോപ്പ് തിമോത്തിയുമായും സൗഹൃദത്തിലായി. ഈ സുഹൃദ് ബന്ധങ്ങൾ സേവേറിയോസിന്റെ ആത്മീയ ജീവിതത്തിന് പ്രചോദനമായിരുന്നു.

എ.ഡി. 488 ൽ സേവേറിയോസ് ട്രിപ്പോളിയിൽ വച്ച് സ്നാനമേറ്റു. പിന്നീട് ഇവാഗ്രിയസിൽ സന്യാസവ്രതം സ്വീകരിച്ചു. സ്വന്തമായി ഒരു ദയറാ പണിത് അവിടെ ദൈവാരാധനയും വ്രതാനുഷ്ഠാനങ്ങൾ ആചരിച്ചും 24 വർഷം കഴിച്ചുകൂട്ടി. വി. ഗ്രന്ഥം ആഴത്തിൽ പഠിച്ചു. ഇതിനിടയിൽ വേദശാസ്ത്രജ്ഞന്മാരുടെ രചനകളും വായിച്ച് ആത്മീയ ചൈതന്യം ഉൾക്കൊണ്ടു. അതിനുശേഷം വിശ്വാസ സത്യങ്ങളെ പ്രതിപാദിച്ചുകൊണ്ട് എഴുതുവാൻ തുടങ്ങി. എ.ഡി. 508 ൽ അദ്ദേഹം 200 സന്യാസികളെ കൂട്ടി കുസ്തന്തീനോസ് പോലീസിലേക്ക് പോകുകയും അവിടെ മൂന്നുവർഷം താമസിച്ച് സത്യവിശ്വാസത്തെ സംരക്ഷിക്കുന്നതിനായി പ്രയത്നിക്കുകയും ചെയ്തു. എ.ഡി. 512 നവംബർ 6 ന് അന്തോഖ്യാ പാത്രിയർക്കീസായി വാഴിക്കപ്പെട്ടു. പിന്നീടുള്ള ജീവിതം സഭയുടെ സംരക്ഷണത്തിനും സത്യവിശ്വാസ പാലനത്തിനുമായി മോർ സേവേറിയോസ് ഉഴിഞ്ഞുവച്ചു. ധാർമ്മികതയെ മുറുകെ പിടിച്ച് വ്രതാനുഷ്ഠാനങ്ങളിൽ മുഴുകി ആഡംബരങ്ങളെ അകറ്റി നിറുത്തി. ഭരണാധികാരിയുടെ ഗർവ്വും തലക്കനവുമില്ലാതെ ലാളിത്യത്തിലും ഉൽകൃഷ്ട ചിന്തയിലും ജീവിതം നയിച്ചു. കൃത്യാന്തരങ്ങൾക്കിടയിലും ഭദ്രാസനങ്ങളും പള്ളികളും സന്ദർശിച്ച് തന്റെ ആടുകളെ സത്യവിശ്വാസത്തിലേക്ക് കൂടുതൽ അടുപ്പിച്ചു നിറുത്തി. എങ്കിലും എ.ഡി. 518 ൽ കൽക്കദോന്യ പക്ഷക്കാർ യുസ്തിനോസ് ചക്രവർത്തിയുടെ കല്പനയാൽ മോർ സേവേറിയോസിനെ നാടു കടത്തി.

